# സമന്വയ

അതിരൂപതാ ബുള്ളറ്റിൻ

## തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 24 മെയ് 2019 ലക്കം 5

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
***പത്രാധിപർ***
റവ.ഡോ.മൈക്കിൾ തോമസ്
***പത്രാധിപ സമിതി***
റവ. ഡോ. എഡിസൺ വൈ.എം
റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്
റവ. ഡോ. ഡൈസൺ വൈ.
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഡോ. എ.ആർ ജോൺ
റവ. ഫാ. ലെനിൻ രാജ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
റവ. ഫാ. ടോണി ഹാംലെറ്റ്
റവ. ഫാ. ഷാജൻ ജോസ്
***കവർ & ലേ-ഔട്ട്***
റവ.ഫാ.സുരേഷ്പയസ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- നമ്മുടെ തൊഴിലിനോട് ഉത്തരവാദിത്തങ്ങളോട് നമുക്ക് വിശ്വസ്തരാകാം (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്സ് ഡയറി-മെയ്
- ബിഷപ്സ് ഡയറി - മെയ്
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അൽമായ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ

എഡിറ്റോറിയൽ

# നമ്മുടെ തൊഴിലിനോട് - ഉത്തരവാദിത്തങ്ങളോട് നമുക്ക് വിശ്വസ്തരാകാം

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളും ലോക തൊഴിലാളി ദിനവും ആഘോഷിച്ചുകൊണ്ട് ആരംഭം കുറിക്കുന്ന മേയ് മാസം മാതാവിന്റെ പ്രത്യേക വണക്കമാസമായിട്ടുകൂടിയും നാം ആചരിക്കുകയാണല്ലോ പതിവ്.

ചെയ്യുന്ന ഏതൊരു ജോലിക്കും അതിന്റേതായ മാഹാത്മ്യവും പ്രാധാന്യവും ഉണ്ടെന്ന യാഥാർത്ഥ്യമാണ് ലോക തൊഴിലാളി ദിനാചരണത്തിലൂടെയും തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ആഘോഷത്തിലൂടെയും നമുക്ക് ലഭിക്കുന്നത്. തൊഴിലിനോടുള്ള വിശുദ്ധ യൗസേപ്പിന്റെ മനോഭാവവും സമീപനവും നമ്മെ പഠിപ്പിക്കുന്നത്, ഏറ്റെടുക്കുന്ന, ഏല്പിക്കപ്പെടുന്ന ഏത് ജോലിയായാലും അതിനോട് പൂർണ്ണ സമർപ്പണവും ഉത്തരവാദിത്തവും സർഗ്ഗാത്മക കാഴ്ചപ്പാടും ഉണ്ടാകണം എന്നതാണ്.

തൊഴിലിന്റെ പ്രാധാന്യവും മാഹാത്മ്യവും നമ്മിൽ ഉണർത്തുന്ന മേയ് മാസം നമ്മെ ഓർമ്മിപ്പിക്കുന്ന മറ്റൊരു വസ്തുത തൊഴിലന്വേഷിക്കുന്ന നല്ലൊരു തൊഴിൽ സ്വായത്തമാക്കുവാൻ ഏത് വിഷയം എടുത്തു പഠിക്കണം എന്ന് വ്യക്തതയില്ലാതെ നട്ടം തിരിയുന്ന വിദ്യാർത്ഥികളെയും മാതാപിതാക്കളെയും സഹായിക്കുവാനുള്ള നമ്മുടെ ധാർമ്മിക ഉത്തരവാദിത്തമാണ്. മേയ് മാസം വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും അദ്ധ്യാപകരെയും സംബന്ധിച്ചിടത്തോളം നീണ്ട പത്തോ പന്ത്രണ്ടോ വർഷത്തെ കഠിനാദ്ധ്വാനത്തിന്റെ, പരീക്ഷയുടെ ഫലം അറിയുന്ന നാളുകളാണ്. സമ്മിശ്രവികാരമാണല്ലോ പരീക്ഷഫലം വിദ്യാർത്ഥികളിലും മാതാപിതാക്കളിലും ജനിപ്പിക്കുക. നിരാശയിലേക്ക് വഴുതിവീഴാൻ ഏറെ സാധ്യതയുള്ള സമയമായതിനാൽ, ഇടവകയിലെ ഉത്തരവാദിത്തപ്പെട്ട നേതൃത്വവും വിദ്യാഭ്യാസ പ്രവർത്തകരും സവിശേഷമായ ജാഗ്രതയോടും പരിഗണനയോടും കൂടിയായിരിക്കണം ഇത്തരം മാതാപിതാക്കളോടും വിദ്യാർത്ഥികളോടും ഇടപെടേണ്ടത്.

പരീക്ഷാഫലം അറിഞ്ഞ ശേഷം ഇനി എങ്ങോട്ട്? എന്ത് ചെയ്യണം? എന്ന വ്യക്തതയില്ലാതെ വിഷമിക്കുന്ന വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും എണ്ണവും തീരെ കുറവല്ല നമ്മുടെ സമൂഹത്തിൽ. വ്യക്തമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും ലഭിക്കാത്തതുമൂലം പല വിദ്യാർത്ഥികളും പഠനം പാതിവഴിയിൽ ഉപേക്ഷിക്കുക മാത്രമല്ല, ഇവർ നാടിനും വീടിനും സമൂഹത്തിനും ഉപദ്രവകാരികളായിട്ടുപോലും മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇക്കാരണത്താൽ തന്നെ ഉചിതമായ സമയത്ത് ഇടവക നേതൃത്വത്തിന്റെയും വിദ്യാഭ്യാസസമിതി അംഗങ്ങളുടെയും ഉചിതമായ ഇടപെടൽ അനിവാര്യമായിത്തീരുന്നു.





ഈ അവസരത്തിൽ പ്രായോഗികമായി നമുക്ക് എന്ത് ചെയ്യാനാകും എന്നതാണ് പ്രസക്തമായ ചോദ്യം. സാധിക്കുന്നതും മേയ് ആദ്യവാരത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും വിദ്യാഭ്യാസ സമിതിയുടെയും അദ്ധ്യാപകരുടെയും കൂട്ടായ സഹകരണത്തോടുകൂടി വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സഹായിക്കുവാനായി ഒരു ഹെൽപ്പ് ഡെസ്ക്കിന് തുടക്കം കുറിക്കണം. ഓരോ കുട്ടിയുടെയും പ്രത്യേക അഭിരുചിയുടെയും പരീക്ഷയിൽ ലഭിച്ച മാർക്കിന്റേയും കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയുടെയും പശ്ചാത്തലത്തിൽ ഏത് വിഷയം എടുക്കണം, എവിടെ പഠിക്കണം, എങ്ങനെ അപേക്ഷിക്കണം എന്നീ കാര്യങ്ങളിൽ വേണ്ട മാർഗ്ഗനിർദ്ദേശവും സഹായവും നൽകുക എന്നതാണ് ഈ ഹെൽപ്പ് ഡെസ്ക് കൊണ്ട് വിഭാവന ചെയ്യുന്നത്.

ഇതിനോടൊപ്പം ഇടവകതലത്തിൽ എസ്.എസ്.എൽ.സി., +2 വിജയിച്ച കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും വൈവിദ്ധ്യമാർന്ന വിഷയങ്ങൾ, പഠനസ്ഥാപനങ്ങൾ, തൊഴിൽ സാധ്യതകൾ, കുട്ടികളുടെ അഭിരുചികൾ എന്നിവയെക്കുറിച്ച് വ്യക്തമായ അവബോധം നൽകുന്ന കരിയർ സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്. കേരള ലത്തീൻ സഭ നിർദ്ദേശിക്കുന്ന വിദ്യാർത്ഥികേന്ദ്രീകൃത വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായിട്ടാണ് ഇത്തരം വിദ്യാഭ്യാസ പ്രവർത്തനങ്ങളെ കാണേണ്ടത്. അതിനാൽ നമ്മുടെ ഉത്തരവാദിത്തങ്ങളോട് നമുക്ക് വിശ്വസ്തത പുലർത്താം. അതിനായ് തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവും മേയ് മാസത്തിൽ പ്രത്യേകമായി നാം വണങ്ങുന്ന പരിശുദ്ധ കന്യകാമറിയവും നമ്മെ സഹായിക്കട്ടെ. പ്രാർത്ഥനാശംസകളോടെ

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, MAY 2019

| | | | |
|---|---|---|---|
| 01 | WED | 10.00 am | Fiat Mission Congress, Angamally |
| 03 | FRI | 10.30 am | Marian Star's Day, MEC, Menamkulam |
| 04 | SAT | 09.00 am | Selection Camp, St. Vincent's Seminary |
| | | 05.00 pm | 125th year School Jubilee Celebration, Anjengo |
| 05 | SUN | 05.30 pm | Feast Day Eucharistic Celebration, Puthiathura |
| 07 | TUE | 11.00 am | Jesus Fraternity State Meeting, Kottiyam |
| 08 | WED to 09 THU | | KCBC Executive Meeting, POC |
| 11 | SAT | 10.00 am | Bethany Ashram Centenary Celebration, Nalanchira |
| 12 | SUN | 07.30 am | PASTORAL VISIT, KOCHUTHOPE |
| | | 05.30 pm | 75th Jubilee year of the Church, Punaikkamugal |
| 13 | MON | 10.00 am | ***Senate Meeting*** |
| 19 | SUN | 07.30 am | PASTORAL VISIT, MANACAUD |
| | | 05.00 pm | Home Mission Conclusion, Poovar |
| 20 | MON | 10.30 am | Diocesan Day, Kutichal |
| | | 04.30 pm | Convent Blessing |
| 22 | WED | 04.30 pm | Confirmation, Thoothoor |
| 23 | THU | 11.00 am | Golden Jubilee, Rosarian Convent |
| 24 | FRI | | KRLCC Executive Meeting |
| 25 | SAT | 11.30 am | Marriage Blessing, |
| 26 | SUN | 07.30 am | PASTORAL VISIT, ANJENGO |
| 27 | MON | 10.30 am | Perpetual Profession, St. Martha Convent |
| 31 | FRI | 05.30 pm | Feast Day Eucharistic Celebration, Palayam |

**Fr. Shynish Bosco**
Secretary to Archbishop





## AUXILIARY BISHOP'S DIARY, MAY 2019

| | | | |
|---|---|---|---|
| 01 | WED | 10.00 am | Feast Day Holy Mass, St. Joseph, Kazhakuttom |
| | | 06.00 pm | Feast Day Eucharistic Celebration, Vavamoola |
| 02 | THU | 11.00 am | Marriage Blessing, Veli |
| | | 05.00 pm | Final Profession, Thanksgiving Mass, Vettucaud |
| 03 | FRI | 06.00 am | Jesus Youth Convention, Pattom |
| 04 | SAT | 09.00 am | Selection Camp, St. Vincent's Seminary |
| | | 03.00 pm | PRIESTLY ORDINATION, Valiathura |
| 06 | MON | 11.00 am | Marriage Blessing,Pangode |
| 07 | TUE | 11.00 am | Golden JubileeCelebration, Pongumood |
| 08 | WED | 10.00 am | PRIESTLY ORDINATION, Marthandanthurai |
| | | 03.00 pm | Marriage Blessing, Pangode |
| 09 | THU | 05.00 pm | Liffa Football Tournament Conclusion |
| 10 | FRI | 05.30 pm | Golden Jubilee, D.S.S Convent, Vallavilai |
| 11 | SAT | 09.00 am | Feast Day Eucharistic Celebration,Velankanni |
| 12 | SUN | 08.00 am | Golden Jubilee Celebration, Thumba |
| | | 06.00 pm | Feast Day Eucharistic Celebration, Cheruvetucaud |

| | | | |
|---|---|---|---|
| 13 | MON | 10.00 am | ***Senate Meeting*** |
| 15 | WED | 06.30 pm | Bible Convention Inauguration, Poonthura |
| 18 | SAT | 11.00 am | Marriage Blessing, Pangode |
| 19 | SUN | 07.30 am | Parish Day, Arayuthuruthi |
| | | 05.00 pm | Feast Day Eucharistic Celebration, Kunnumpuram |
| 20 | MON | 10.30 am | PRIESTLY ORDINATION, Pulluvila |
| | | 04.30 pm | Convent Blessing |
| 21 | TUE | 06.00 pm | Meeting with Jesus Youth Members, ThoothoorForane |
| 22 | WED | 05.30 pm | Blessing & Inauguration, MSFS |
| 26 | SUN | 04.30 pm | Catechism Anniversary, Pongumood |
| 28 | TUE | 05.30 pm | Holy Eucharistic Celebration,Mampally |

**Fr. Shynish Bosco**
Secretary to Archbishop





## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 013/2019/CL    Dated: 01.04.2019

### 17-ാം ലോകസഭാ പൊതുതിരഞ്ഞെടുപ്പ്

വന്ദ്യവൈദികരേ, പ്രിയമക്കളേ,

2019 ഏപ്രിൽ11 മുതൽമെയ് 19 വരെ ഏഴുഘട്ടങ്ങളായി നടക്കുന്ന 17-ാം ലോകസഭാതിരഞ്ഞെടുപ്പ് ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ്.

രാജ്യത്തിന്റെ ജനാധിപത്യ മനസ്സ് വ്യക്തമായി പ്രകടമാക്കുന്നതിനുള്ള അവസരമാണ് പൊതുതിരഞ്ഞെടുപ്പുകൾ. ഭാരതത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. സ്വഭാവമഹിമയും സാമൂഹ്യ പ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണത്തിന്റെതലപ്പത്തു വരേണ്ടത് രാജ്യത്തിന്റെ ഭാവിക്കും എല്ലാവിഭാഗം ജനങ്ങളുടെയുംക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽരാഷ്ട്രീയപാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവുംവലുതാണ്. ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുമായി ഒത്തുപോകുന്ന പ്രത്യയശാസ്ത്ര നിലപാടുകളാണ്രാഷ്ട്രീയ പാർട്ടികളെ പ്രസക്തമാ

ക്കുന്നത്. അക്രമരഹിതവുംസമാധാനപൂർണവുമായ ജനജീവിതംഉറപ്പുവരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കുചുമതലയുണ്ട്.

കത്തോലിക്കാസഭയ്ക്ക്ഏതെങ്കിലും ഒരു പ്രത്യേകമുന്നണിയുമായോരാഷ്ട്രീയ പാർട്ടിയുമായോസ്ഥാനാർത്ഥിയുമായോസവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സ ാംഗങ്ങളുടെരാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവുംമതേതരത്വവും ഉൾപ്പെടെയുള്ള രണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രാജ്യത്തിന്റെഐക്യവും അഖണ്ഡതയുംസമഗ്രപുരോഗതിയുംഉറപ്പുവരുത്തുന്നതിനും അതിനുകഴിവുള്ള ജനപ്രതിനിധികളെതിരഞ്ഞെടുക്കുന്നതിനും കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയുംകരുതലും സഭയുടെ നയവും നിലപാടുമാണ്.

വൈവിധ്യമാർന്ന ജനസമൂഹങ്ങളുംസാംസ്കാരികപൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരു രാജ്യവും ഒറ്റ ജനതയുമായി മുന്നേറുന്നതിൽ രണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം മുഖ്യപങ്കു വഹിക്കുന്നു. ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായസ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യസംവിധാനംതന്നെയാണ്. കൃത്യസമയത്തു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ഈ ജനാധിപത്യ സംവിധാനത്തിന്റെഅടിസ്ഥാനശിലകളാണ്. എല്ലാ പൗരന്മാർക്കുംതുല്യാന്തസ്സും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തിവോട്ടവകാശം ഏർപ്പെടുത്തിക്കൊണ്ട്, ഭരണഘടനയെയും ജനാധിപത്യത്തെയുംസംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വംഓരോ പൗരനും നല്കിയിരിക്കുന്നു. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ വീഴ്ചവരുത്താതെ, രാജ്യ





ത്തിന്റെ ഭരണാധികാരികളെതിരഞ്ഞെടുക്കാൻ ഓരോ പൗരനും കടമയുണ്ട്. തിരുസഭാംഗങ്ങളായ വോട്ടർമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ കർത്തവ്യം ഉത്തരവാദിത്വത്തോടെയും വിവേകപൂർവവും നിർവഹിക്കണം.

ലോകത്തിലെ പല ജനാധിപത്യരാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നു എന്നത്. ഓരോ ഇന്ത്യൻ പൗരനെയും അഭിമാനപുളകിതനാക്കും. ഈ പാതയിൽ നിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഒരു കാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും. വിവിധ ഭരണഘടനാസ്ഥാപനങ്ങളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് ജനാധിപത്യ മൂല്യങ്ങളുടെയും ഭരണഘടനയുടെയുംസംരക്ഷണത്തിന് അനിവാര്യമാണ്.

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽലോകം വലിയ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കോർപറേറ്റുശക്തികൾ സാധാരണക്കാരെചൂഷണം ചെയ്തുതടിച്ചുകൊഴുക്കുകയുംദരിദ്രർ കൂടുതൽ ദരിദ്രരാവുകയുംചെയ്യുന്നു. സമ്പന്നരെ മാത്രമല്ല സാധാരണക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ ഭരണകൂടം പിൻതുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ദരിദ്ര

ജനവിഭാഗങ്ങളുടെ പരാധീനതകൾ മനസ്സിലാക്കി സാമ്പത്തിക നയ രൂപീകരണം നടത്തുകയും, രാജ്യം ഒരു സാമ്പത്തികശക്തിയായി വളരുന്നതോടൊപ്പം ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ വികസനത്തിന്റെ പ്രയോജനം ഉറപ്പുവരുത്തുകയുംചെയ്യുന്ന ഒരു ഇന്ത്യ വിഭാവനം ചെയ്യുന്നവരെയാണ് തിരഞ്ഞെടുക്കേണ്ടത്. പരിസ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം സർക്കാരിന്റെ വികസനനയം.

മനസ്സാക്ഷിസ്വാതന്ത്ര്യവുംമതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽമുഖ്യപങ്കാണുവഹിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും, മനസ്സാക്ഷിയുടെ സ്വരത്തിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും മതസമൂഹങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയുംചെയ്യണം. ഏതെങ്കിലും ഒരു മതത്തോടു പ്രത്യേക മമതയോ ഏതെങ്കിലും മതത്തിനെതിരേ വിവേചനമോ പുലർത്താതിരിക്കുകയും നിയമപരമായി എല്ലാവർക്കും തുല്യപരിഗണന ഉറപ്പുവരുത്തുകയുംചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദഭീകരവാദ നിലപാടുകളെയും വിട്ടുവീഴ്ചയില്ലാതെ ചെറുത്തു തോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാരിക ധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തു നിറുത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

മതത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ സമ്പത്തിന്റെയോ ഭക്ഷണരീതിയുടെയോ പേരിൽ സാമൂഹ്യവിവേചനത്തിനോ ശാരീരിക ആക്രമണത്തിനോ ഒരാളും ഇരയാകേണ്ടിവരരുത്. അക്രമരാഷ്ട്രീയത്തിനു മുതിരുന്നത് ജനാ





ധിപത്യ സംസ്കാരത്തിൽ പതംവരാത്ത മനസ്സുകളാണ്. മനുഷ്യ ജീവന്റെമൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യ മര്യാദകളെ മാനിക്കുന്നവരുമാകണം ജനപ്രതിനിധികൾ. ചരിത്രത്തെ മുന്നോട്ടു നയിക്കുന്നത് സാമ്പത്തികഘടകങ്ങൾ മാത്രമല്ല, മാനവിക മൂല്യങ്ങൾഉയർത്തിപ്പിടിച്ചുള്ളസാംസ്കാരിക ഇടപെടലുകളുംരാഷ്ട്രീയ നിലപാടുകളും തീരുമാനങ്ങളും നടപടികളുമാണ്. അഴിമതിക്കും അക്രമത്തിനും സ്വജനപക്ഷപാതത്തിനും കൂട്ടുനില്ക്കാത്ത നേതാക്കൾ തിരഞ്ഞെടുക്കപ്പെടണം.

ഭാരതപൗരൻ എന്ന നിലയിൽ ഒരു വ്യക്തിക്കുകിട്ടേണ്ട ഭരണഘടനാപരമായതുല്യതയും പരിഗണനയും ന്യൂനപക്ഷങ്ങൾക്ക് ആസൂത്രിതമായി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ത്യയിൽ ദളിത്ക്രൈസ്തവർ ഇത്തരത്തിലുള്ളവിവേചനം അനുഭവിച്ചുവരുന്നുഎന്നത് നിർഭാഗ്യകരമാണ്. ഇത്തരംവിവേചനങ്ങൾക്കെതിരേ നിലപാടെടുക്കാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികളും വ്യക്തികളും അധികാരത്തിൽവരേണ്ടത് നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ആവശ്യമാണ്. പാശ്ചാത്യരാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമനിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹികജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെഅടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ ഭദ്രതയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിനു ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാമൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളുംമതബോധവുംസമൂഹത്തിന്റെസാംസ്കാരികവളർച്ചയ്ക്ക്അത്യന്താപേക്ഷിതമാണ്.

അത്തരംമൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ് ഭരണനേതൃത്വത്തിൽവരേണ്ടത്.

പൗരസമൂഹങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വത്തിനുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നത്. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏക ശിലാരൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയും നിലനില്പിനെത്തന്നെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീപനം പുലർത്തുന്ന നേതാക്കളെയാണ് നമുക്കാവശ്യം.

തിരഞ്ഞെടുപ്പിന്റെ സമാധാനപൂർണമായ നടത്തിപ്പിനും രാജ്യത്തിന്റെ സുസ്ഥിതിക്കുമായി എല്ലാവിശ്വാസികളും പ്രത്യേകം പ്രാർത്ഥന നടത്തുകയും പ്രായപൂർത്തിയായഎല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുകയും വേണം. സമാധാനപൂർവകമായ പൗരജീവിതവും സാമൂഹ്യസാംസ്കാരിക സാമ്പത്തികരംഗങ്ങളിൽ വളർച്ചയും രാജ്യത്തെ എല്ലാവിഭാഗം ജനങ്ങൾക്കുമുണ്ടാകട്ടെ!

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം **†സൂസപാക്യംഎം.**

01-04-2019 തിരുവനന്തപുരംമെത്രാപ്പോലീത്ത

---

NB:2019 ഏപ്രിൽ 7-ാം തീയതിഞായറാഴ്ചദിവ്യബലിയുടെ അവസാനം വായിച്ചുവിശദീകരിക്കേണ്ടതാണ്.





## MAY 2019

### BIRTHDAYS

| | |
|---|---|
| 1. Rev. Fr. Joseph Pereira | 05.05.1942 |
| 2. Rev. Fr. SabuKonath OSJ | 05.05.1967 |
| 3. Rev Fr. ArthiyalPuraidamSaji SJ | 08.05.1979 |
| 4. Rev. Dr. Chandy Paul Chettukulam SAC | 09.05.1954 |
| 5. Rev.Fr. Joseph Chiraparambil, S.J | 09.05.1936 |
| 6. Rev. Fr. Davidson Jestus | 09.05.1989 |
| 7. Rev. Fr. Christy D’Cruz | 10.05.1943 |
| 8. Rev. Dr. SujanAmurutham | 11.05.1970 |
| 9. Rev. Fr. Francis Assisi John Sumesh | 12.05.1986 |
| 10. Rev. Fr. Baby Bevinson | 13.05.1974 |
| 11. Rev. Fr. Mathews Mukalayil CMF | 13.05.1979 |
| 12. Rev. Fr. Wilfred V. | 13.05.1964 |
| 13. Rev. Fr. Tomy Thomas | 13.05.1990 |
| 14. Rev. Fr. Biju Joy S. J. | 15.05.1978 |
| 15. Rev. Fr. Justin Francis OFM Cap | 15.05.1978 |
| 16. Rev Fr. Francis Manachery | 15.05.1967 |
| 17. Rev. Fr. Paul Savio OFM Cap | 16.05.1983 |
| 18. Rev. Fr. Prabal Joseph Pereira | 17.05.1984 |
| 19. Rev. Fr. Reni Rudolf | 17.05.1984 |
| 20. Very Rev. Fr. IgnaciRajasekaran | 18.05.1970 |
| 21. Very Rev. Fr. JohnyPuthenveettil IV Dei | 18.05.1975 |
| 22. Rev. Fr. Rojan S. Robert | 20.05.1990 |
| 23. Rev. Fr. Solomon Elias Arresseril | 20.05.1970 |
| 24. Very Rev. Fr. Syrus B. Kalathil | 20.05.1968 |
| 25. Rev Fr. Wingston V | 22.05.1984 |

| | |
|---|---|
| 26. Rev. Fr. Beed Manoj Amado | 22.05.1969 |
| 27. Rev. Fr. Cleetus Vincent | 23.05.1974 |
| 28. Rev. Fr. Prabin S.M. | 27.05.1986 |
| 29. Rev. Fr. Jenisten | 28.05.1975 |
| 30. Very Rev. Msgr. Nicholas T. | 30.05.1961 |
| 31. Rev.Fr.Hencilin.OCD | 30.05.1978 |
| 32. Rev. Fr. Joseph Roy, Ofm Cap | 30.05.1973 |
| 33. Rev Fr. PalathanadilSabu SJ | 30.05.1971 |
| 34. Rev. Fr. Dominic Koottianiyil CMf | 31.05.1980 |
| 35. Rev.Fr.JoyMuzolini.OCD, | 31.05.1972 |

**ORDINATION DAYS**

| | |
|---|---|
| 01. Rev. Fr. Williams Christopher, S.J. | 01.05.1983 |
| 02. Rev. Fr. Ferdinand Franco SAC | 04.05.2014 |
| 03. Rev. Dr. Dyson Y. | 05.05.1999 |
| 04. Rev Fr. Vallocheril George Sebastian S.J | 05.05.1984 |
| 05. Very Rev. Fr. Tommy Philip SAC | 05.05.2004 |
| 06. Rev. Fr. Laberin Yesu R | 06.05.1995 |
| 07. Rev Fr Tony Plavilayil SDB | 09.05.2009 |
| 08. Rev. Fr. Kennedy | 10.05.2015 |
| 09. Rev. Fr. Abraham Thylammanal SAC | 12.05.1994 |
| 10. Rev Fr. Mathias O.de.M. | 13.05.2016 |
| 11. Rev. Fr. Abraham Thylammanal SAC | 14.05.1994 |
| 12. Rev Fr. PauloseVazhakalaOCD | 18.05.1980 |
| 13. Rev. Fr. Davis Edakalathur SAC | 18.05.1990 |
| 14. Very Rev. Fr. Mathew Augustine Thonickal | 20.05.1989 |
| 15. Rev. Fr. Paul Babu IC | 20.05.2008 |
| 16. Rev. Fr. Mathew Thottathil CMF | 28.05.2007 |





| | |
|---|---|
| 17. Rev. Fr. Bibin Mathew IC | 29.05.2017 |
| 18. | |

**DECEASED PRIESTS**

| | |
|---|---|
| 1. Rev. Fr. Francis Borgia Peter | 02.05.2008 |
| 2. Rev. Fr. Rocky Fernandez | 06.05.1989 |
| 3. Rev. Fr. Constantine OCD | 07.05.1967 |
| 4. Very Rev. Dr. Peter Gonsalvez | 11.05.2001 |
| 5. Rev. Fr. Cyril D'Costa | 14.05.1979 |
| 6. Rev. Fr. Nobert OCD | 14.05.1968 |
| 7. Rt. Rev. Msgr. James Amado | 15.05.2002 |
| 8. Rev. Fr. Anthoniar Pillai | 26.05.2007 |
| 9. Rev. Fr. Pius OCD | 28.05.1962 |
| 10. Rev. Fr. Chinnappan X | 31.05.2001 |

**PERPETUAL DAY ADORATION**

| | |
|---|---|
| 1. St. Lucia's Church, Eraimanthura | 02.05.2019 |
| 2. St. Peter's Church, Kannanthura | 15.05.2019 |

**HEARTY WELCOME TO THE PRESBYTERIUM & CONGRATULATIONS**

Our hearty Congratulations to the newly Ordained Priests Rev. Fr. John Jacob (Neerody), Rev. Fr. Jose V (Adimalathura),Rev. Fr. Marthoma Alexander (Thoothoor),Rev. Fr. Pramod (Puthiyathura), Rev. Fr. Soosai Antony (Neerody) and Rev. Fr. TomyThomas (Poovar) we wish them a joyful and fruitful ministry in their Priesthood.

## Metropolitan Tribunal News
## April-2019

| | | |
|---|---|---|
| Number of Cases at the beginning of 2019 April | - | 242 |
| Received Cases in the Month of April | - | 006 |
| Total | = | 248 |

**Decreed Cases - 10**
**Closed due to Non Co-op - 01**

Balance Cases = 248-11= 237

### ***Decreed Cases : 10***

1. Case No: MTLAT/11/2017 between Kirar and Sushama.
2. Case No: MTLAT/39/2015 & 81/2016 between James Dillus and Mary Jini.
3. Case No: MTLAT/19/2016 between Digna and Alex Fenil.
4. Case No: MTLAT/29 & 37/2016 between Stephen and Annai Jeen
5. Case No: MTLAT/30/2016 between Stellus and Jainy
6. Case No: MTLAT/84/2016 between Mary Henry and Georgekutty.
7. Case No: MTLAT/90/2016 between Merlin Francis and Dileeshan.
8. Case No: MTLAT/30/2017 between Tincy Francis and Vishnu.

**Fr. Jose G.**
Judicial Vicar





# ബിസിസി

## അതിരൂപതാതല റിപ്പോർട്ട്

**പൂവ്വാർ ഹോം മിഷൻ**

പൂവ്വാർ ഇടവകയിൽ മാർച്ച് 30-ാം തീയതി അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയോടെ ഹോം മിഷന് തുടക്കം കുറിച്ചു. മാർച്ച് 30 മുതൽ ഏപ്രിൽ 13 വരെ ഹോം മിഷന്റെ ആദ്യഘട്ടവും ഏപ്രിൽ 29 മുതൽ മേയ് 19 വരെ രണ്ടാം ഘട്ടവും നടത്തപ്പെടുന്നു. 2019 മേയ് 19-ാം തീയതി വൈകുന്നേരം അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന സമാപന ദിവ്യബലിയിൽ ഹോം മിഷന്റെ ഭാഗമായി ടീം അംഗങ്ങൾ ശുശ്രൂഷാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഇടവകയെ സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് അവതരിപ്പിക്കുന്നു.

ഹോം മിഷന്റെ ഭാഗമായി കൗൺസലിംഗ്, കുമ്പസാരം, വാർഡ് തല കൺവെൻഷൻ ശുശ്രൂഷാ സമിതികൾക്കുള്ള പ്രത്യേക പഠനക്ലാസ് എന്നിവയും നടപ്പെടുന്നു. അതിരൂപതാ കോർഡിനേറ്റർ ഫാ. മൈക്കൾ തോമസ്, ബി.സി.സി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. സുരേഷ് പയസ്, പൂവ്വാർ ഇടവക വികാരി ഫാ. ഷാബിൻ, പൂവ്വാർ കോൺവെന്റിലെ ഡൊറോത്തിയൻ സന്യാസിനികൾ എന്നിവർ ഹോം മിഷന് നേതൃത്വം നൽകുന്നു.

**ആനിമേറ്റർമാരുടെ യോഗം 24.04.2019**

ഏപ്രിൽ മാസത്തെ ബി.സി.സി. ആനിമേറ്റർമാരുടെ യോഗം 24.04.2019 ബുധനാഴ്ച രാവിലെ 10.30 ന് ബി.സി.സി. ഓഫിസിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ കോവളം ഫെറോനയിലേക്ക് പുതിയതായി നിയമിക്കപ്പെട്ട സിസ്റ്റർ അനു മാത്യുവിനെ സ്വാഗതം ചെയ്തു. തുടർന്ന് എല്ലാവരും തങ്ങളുടെ ഉത്ഥാന അനുഭവം പങ്കു

വയ്ക്കുകയും അവരവരുടെ ഫെറോനാതല പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും അടുത്തമാസത്തെ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. എല്ലാ ആനിമേറ്റർമാരും അതാതു മാസത്തെ തങ്ങളുടെ പ്ലാൻ ആദ്യ ആഴ്ചതന്നെ തയ്യാറാക്കി രൂപതാ ഡയറക്ടർ, ഫെറോന വികാരി, ഫെറോന കോർഡിനേറ്റർ എന്നിവർക്ക് ഓരോ കോപ്പി നൽകണമെന്ന് തീരുമാനിച്ചു.

**ഹോം മിഷൻ 3-ാം ബാച്ചിന്റെ പരിശീലനം**

2019-20 വർഷത്തേക്കുള്ള ഹോം മിഷൻ മൂന്നാം ബാച്ചിന്റെ പരിശീലനം 2019 മേയ് 24 മുതൽ ജൂൺ 3-ാം തീയതി വരെ വെള്ളയമ്പലത്ത് വച്ച് നടത്തുന്നു.

## ഫെറോനതലം

**അഞ്ചുതെങ്ങ് ഫെറോന**

അഞ്ചുതെങ്ങ് ഫെറോനയിൽ പാപപരിഹാര ശ്ലീവാപാത ഏപ്രിൽ 7-ാം തീയതി വൈകുന്നേരം 4 മണിക്ക് ഹൈന്ദവ മുസ്ലീം തെരുവീഥിയിൽ ഒരു മിഷൻ പ്രവർത്തനത്തിന് തുടക്കംകുറിച്ചു കൊണ്ട് ബഹു.ജോസഫ് ബാസ്ക്കരൻ അച്ചന്റെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ചു.

കുരിശിന്റെ വഴി മുങ്ങോട് ഇടവകയിൽ നിന്ന് ആരംഭിച്ച് മുടിയാക്കോട് കുരിശടിയിൽ എത്തിചേർന്നു. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ വചനപ്രഘോഷണത്തിൽ "ക്ഷമിക്കുക, വിധിക്കാതിരിക്കുക, ഉദാരമായി നന്മ" ചെയ്യുക എന്ന് ജനങ്ങളോട് ആഹ്വാനം ചെയ്തു.

അഞ്ചുതെങ്ങ് ഇടവകയിലെ യുവജനങ്ങൾ കുരിശിന്റെ വഴിയുടെ ഓരോ സ്ഥലവും ദൃശ്യരീതിയിൽ ലൈവ് ആയിട്ട് പ്രദർശിപ്പിച്ചു.

**പുതുക്കുറിച്ചി ഫെറോന**

ഫെറോനതല പരിഹാര ശ്ലീവാപാത 7-4-19 പുതുക്കുറിച്ചി, പള്ളിത്തുറ എന്നി ഇടവകകളിൽ നിന്നും ആരംഭിച്ചു. പുത്തൻതോപ്പ് ഇടവകയിൽ സമാപിച്ചു. പുനലൂർ രൂപത അഭിവന്ദ്യ സിൽവസ്റ്റർ പൊന്ന്മുത്തൻ പിതാവ് വചനസന്ദേശവും ദിവ്യകാരുണ്യ ആശീർവാദവും നല്കി.

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ എല്ലാ ഇടവകകളിലും ഏപ്രിൽമാസം ബിസിസി യോഗങ്ങൾ ക്രമമായി നടന്നു. യൂണിറ്റ് അടിസ്ഥാനത്തിൽ 'കുരിശിന്റെ വഴി' ഭവനങ്ങളിലും ദൈവാലയങ്ങളിലും നടന്നു. ആണ്ടു കുമ്പസാരത്തിനായി ബിസിസി നേതൃത്വത്തിൽ ഒരുക്കം നടത്തി. പെസഹാ ത്രിദിനം സമുചിതമായി ആചരിച്ചു.

ഏപ്രിൽ 14-നു പേട്ട ഫെറോനയുടെ പ്ലാൻ ആൻഡ് ബഡ്ജറ്റ് ഫെറോനാ സെന്ററിൽ വച്ചു ചർച്ച ചെയ്തു. എല്ലാ ഇടവകകളും തയ്യാറാക്കി ധനകാര്യ സമിതിയെ ഏല്പിച്ചു. 14-നു 2.30 തുടങ്ങിയ യോഗത്തിൽ ഫെറോനാവികാരി റവ.ഫാ. പങ്ക്രേഷ്യസ് ഫെറോന സെക്രട്ടറി റവ.ഫാ.ആൽബർട്ട് പ്രീസ്റ്റ് കോർഡിനേറ്റേഴ്സ് റവ.ഫാ.ആന്റോഡിക്സൺ, റവ.ഫാ. റോബിൻസൺ, റവ.ഫാ.മനോജ് ഫെറോന എക്സിക്യൂട്ടൂവ് അംഗങ്ങൾ ധനകാര്യസമിതി അംഗങ്ങൾ മൂന്നു ആനിമേറ്റർമാരും പങ്കെടുത്തു.

**പാളയം ഫെറോന**

**ഫെറോനതലം**

ബിസിസി എക്സിക്യൂട്ടീവ് യോഗം 6-ാം തീയതി കൂടി. ബിസിസി കമ്മിഷൻ യോഗം 13-ാം തീയതി കൂടി. ഫാ.ആന്റണി സിൽവസ്റ്റർ ഈ വർഷം പ്ലാൻ ചെയ്തിരിക്കുന്ന ഫെറോന പരിപാടികൾ വിശദീകരിച്ചു. കൂടാതെ ഫെറോന ബിസിസി കമ്മിഷൻ ദർശനവും വാർഷിക കർമ്മ പരിപാടികളിൽ ഊന്നൽ നല്കിയിരിക്കുന്ന പ്രവർത്തനങ്ങളും അവ മറ്റു ശുശ്രൂഷകളുമായി

ബന്ധപ്പെടുത്തി ഏകോപനം സാധ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ കോപ്പിയും നല്കി.

## പുല്ലുവിള ഫെറോന

### ഫെറോനതലം

പുല്ലുവിള ഫെറോന കമ്മീഷൻ യോഗം ഏപ്രിൽ 13-ാം തീയതി ശനിയാഴ്ച ചൊവ്വര തിരുകുടുംബ ദേവാലയത്തിൽ വച്ചു കൂടി. നോമ്പായതിനാൽ കമ്മീഷൻ അംഗങ്ങൾക്കായി ധ്യാനവും കുമ്പസാരവും നടത്തി. ബിസിസി അസി.ഡയറക്ടർ ഫാ.സുരേഷ് പയസ് ധ്യാനം നയിച്ചു. അതിനുശേഷം കൂടിയ യോഗത്തിലേക്കു ഇടവക വികാരി ഫാ.ജോണി ഒ.സി.ഡി എല്ലാവരേയും സ്വാഗതം ചെയ്തു. ഫെറോന സെക്രട്ടറി മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. കൊച്ചുതുറ, അടിമലത്തുറ ഇടവകകളിൽ നിന്ന് പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. എല്ലാ ഇടവകകളിൽ യൂണിറ്റു യോഗങ്ങൾ നടക്കുന്നു. ചില ഇടവകകളിൽ ലീഡർമാരുടെ യോഗവും ജനറൽബോഡിയും കൂടി. വിശുദ്ധവാരത്തിനൊരുക്കമായി പരിസര ശുചീകരണം നടത്തി. ഫെറോന പരിഹാര കുരിശിന്റെ വഴിയുടെ ദിവ്യബലിക്ക് അജപാലനശുശ്രൂഷയോടു ചേർന്ന് ക്രമീകരണങ്ങൾ നടത്തി.

### ഇടവകതലം:

## അഞ്ചുതെങ്ങ് ഫെറോന

**ആറ്റിങ്ങൽ:** വിശുദ്ധവാരം ആരംഭിക്കുന്നതിനു മുൻപ് ഏപ്രിൽ 13-ാം തീയതി ഇടവക ജനങ്ങളെ അനുരഞ്ജനം എന്ന കൂദാശ സ്വീകരിക്കാൻ ക്ഷണിക്കുകയും അതിന് അവരെ ഒരുക്കുന്നതിനു വേണ്ടി പത്ത് കല്പനകളെക്കുറിച്ച് ഒരു ക്ലാസ്സ് കൊടുക്കുകയും ചെയ്തു. ദുഃഖവെള്ളിയാഴ്ച രാവിലെ സീറോമലബാർ, ലത്തീൻ റീത്തും ചേർന്ന് സംയുക്ത കുരിശിന്റെ വഴി നല്ലിടയൻ ദേവാലയത്തിൽ നിന്ന് ആരംഭിക്കുകയും സെന്റ് ജൂഡ്





ദേവാലയത്തിൽ അവസാനിക്കുകയും ചെയ്തു. ബഹു, മൈക്കൾ തോമസ് അച്ചൻ സംയുക്തകുരിശിന്റെ വഴിയുടെ സമാപന സന്ദേശം നല്കി. കുടുംബയൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നു.

**ചമ്പാവ്:** ഇടവകയിൽ 10 ബിസിസി കളിലും കുടുംബയോഗങ്ങൾ ക്രമമായി നടക്കുന്നു. മാർച്ച് 31-ന് ഇടവക ജനറൽബോഡിയോഗം ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ ഫെറോനതലത്തിൽ നടക്കുന്ന പരിഹാര ശ്ലീവപാതയെക്കുറിച്ചും വിശുദ്ധവാരത്തിലെ തിരുകർമ്മങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

ഇടവകജനം നോമ്പുകാലത്ത് ഉപവസിച്ച് നീക്കിവച്ച തുക യൂണിറ്റ് അടിസ്ഥാനത്തിൽ പിരിച്ചെടുത്ത് രോഗികളെ സഹായിക്കാൻ തീരുമാനിച്ചു.

**മുങ്ങോട്:** ഫെറോനതലത്തിൽ നടത്തിയ പരിഹാരം ശ്ലീവ പാതയ്ക്ക് നേതൃത്വം ഏറ്റെടുത്തത് തീർത്ഥാടന ദേവാലയമായ മുങ്ങോട് ഇടവകയാണ്. ആ ദിവസം തന്നെ അതിരൂപതാ സഹായമെത്രാൻ റൈറ്റ് ഡോ.ക്രിസ്തുദാസ് പിതാവ് മുടിയാക്കോട് കുരിശടിക്കു സമീപത്തായി സജ്ജമാക്കിയിരിക്കുന്ന കുരിശിന്റെ വഴിക്കുള്ള 14 സ്ഥലങ്ങളുടെ ആശീർവാദവും ഉദ്ഘാടനവും നിർവഹിച്ചു.

തപസുകാലങ്ങളിൽ എല്ലാ ദിവസവും 5 മണി മുതൽ കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരുന്നു. പെസഹവ്യാഴാഴ്ച പെസഹ അപ്പം ദേവാലയത്തിൽ നിന്നും യൂണിറ്റുതലത്തിൽ എല്ലാ കുടുംബങ്ങൾക്കും നല്കി.

**വർക്കല:** ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച ദിവ്യബലിക്കുശേഷം ഇടവകാംഗങ്ങൾക്കും കുർബാനയിൽ പങ്കെടുക്കാൻ വരുന്ന ക്രൈസ്തവ, അക്രൈസ്തവരായ എല്ലാ ഭക്തജനങ്ങൾക്കും വിശുദ്ധവാരത്തോടനുബന്ധിച്ചു കോട്ടയത്തുനിന്ന് ഒരു ടീം വന്ന് ധ്യാനിപ്പിച്ചു.

**വെന്നിക്കോട്:** ഏപ്രിൽ 8,9,10 എന്നീ തീയതികലിൽ കുട്ടികൾക്കുള്ള വിഎഫ്എഫ് ക്ലാസ്സുകൾ സംഘടിപ്പിച്ചു രൂപതയിൽ നിന്നും രണ്ട് ബ്രദേഴ്സ് വന്ന് ഇതിന് നേതൃത്വം നല്കി.

ഏപ്രിൽ 8 തീയതി വെന്നിക്കോട് ഇടവകയിൽ നിന്നും 100 പേർക്കുള്ള പൊതിച്ചോറ് ആറ്റിങ്ങൽ കരുണാലയത്തിൽ എത്തിച്ചുകൊടുത്തു. ബഹു.വികാരി അച്ചനും ബിസിസി ആനിമേറ്ററും ഇതിൽ പങ്കെടുത്തു. ഏപ്രിൽ 14-ാം തീയതി ദിവ്യബലിക്കുശേഷം വികാരി അച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങളും ഇടവകാംഗങ്ങളും ചേർന്ന് നടത്തിയ കുരിശിന്റെ വഴി വെന്നിക്കോട് ഇടവകയിൽ നിന്നും ആരംഭിച്ച് തെക്കൻ കുരിശുമലയിൽ അവസാനിച്ചു.

## പുതുക്കുറിച്ചി ഫെറോന

**പുതുക്കുറിച്ചി:** ഈസ്റ്ററിന്റെ ഒരുക്കമായി മൂന്നുദിവസം ധ്യാനവും പാഷൻ ഓഫ് ദി ക്രൈസ്റ്റ് സിനിമ പ്രദർശനവും നടന്നു. കുരുത്തോല ഞായർ ദിനം ദേവാലയത്തിൽ നിന്നും നല്കിയ പ്രത്യേകം പ്രാർത്ഥന ചൊല്ലി കുടുംബാംഗങ്ങൾ ഭവനങ്ങളിൽ കുരുത്തോല പ്രതിഷ്ഠ നടത്തി. ഇടവകയിലെ 21 കിടപ്പു രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച്, ഇടവകവികാരിയും സഹവികാരിയും കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ രോഗികൾക്കു കുമ്പസാരവും കുർബാനയും പാദക്ഷാളന കർമ്മവും നടത്തി. പെസഹാവ്യാഴം ഇടവകയിലെ എല്ലാ ജനങ്ങൾക്കും പെസഹാ അപ്പവും ദുഃഖവെള്ളി നേർച്ച കഞ്ഞി നല്കി.

**മര്യനാട്:** ജനറൽബോഡിയും ബിസിസി യൂണിറ്റുകളും വാർഡ്തല കുരിശിന്റെ വഴിയും നടന്നു. പെസഹാവ്യാഴം ദിവ്യബലിക്ക് നേതൃത്വം നല്കിയത് ഇടവകയിലെ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കുടുംബാംഗങ്ങൾ ആണ്. യൂണിറ്റ്തലത്തിൽ കൊണ്ടുവന്ന പെസഹാ അപ്പം ദേവാലയത്തിൽ വെച്ച് ആശീർവദിച്ചതിനുശേഷം ഓരോ കുടുംബങ്ങൾക്കും കൈമാറി.

11,12,13 തീയതികളിൽ ധ്യാനം നടന്നു. നോമ്പുകാല ഉപവാസത്തിലൂടെ സ്വരുക്കൂട്ടിയ പണം "കാരുണ്യ ഭവന പദ്ധതിയിലേക്ക് നല്കി. പാവപ്പെട്ട ഒരു കുടുംബത്തിന് ഭവനം വെച്ച് നല്കുന്ന കാരുണ്യ പ്രവർത്തിയിൽ എല്ലാവരും പങ്കുചേർന്നു.

**കൊച്ചുതുറ:** ബിസിസി ജനറൽബോഡിയും യൂണിറ്റ്യോഗങ്ങളും നടന്നു. ഒരു ദിവസത്തെ ധ്യാനവും മറ്റു നോമ്പു ആചരണ പരിപാടികളും വളരെ ഭംഗി ആയി നടന്നു. ബിസിസി അംഗങ്ങൾ 16 പള്ളികൾ സന്ദർശിച്ചു. പരിഹാര കുരിശിന്റെ വഴി നടത്തി.

**പുത്തൻതോപ്പ്:** 40 മണി ആരാധന ഈ ഇടവകയിൽ നടന്നു. ഫെറോനയിലെ എല്ലാ ഇടവകകളും ബിസിസി യൂണിറ്റുകളും ആരാധനക്ക് നേതൃത്വം നൽകി. 5 ദിവസത്തെ നോമ്പുകാല ധ്യാനം ഉണ്ടായിരുന്നു.

**ഫാത്തിമാപുരം ഇടവക:** ബിസിസി ജനറൽബോഡി യൂണിറ്റ്യോഗങ്ങൾ, ഇടവകതല കുരിശിന്റെ വഴി ഒരു ദിവസത്തെ ധ്യാനം എന്നിവ നടന്നു.

**സെന്റ് ഡൊമിനിക് ഇടവക:** ബിസിസി ജനറൽബോഡി നടന്നു. രോഗികൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഒരു വർഷകാലം ബിസിസി യൂണിറ്റുകളിൽ സ്വരൂപിച്ച പണത്തിന്റെ കുടുക്ക ഈസ്റ്റർ ദിനത്തിൽ എല്ലാവരും ദേവാലയത്തിൽ കൊണ്ട് വന്ന് ഇടവക വികാരിയെ ഏൽപിക്കുകയും അത് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയും ചെയ്തു.

**വെട്ടുതുറ:** ബിസിസി യൂണിറ്റും ജനറൽബോഡിയും നടന്നു. ഈസ്റ്ററിനു മുൻ ഒരുക്കമായുള്ള പ്രാർത്ഥനകളും മറ്റും സജീവമായി നടന്നു. ബിസിസി അംഗങ്ങളും ആരാധനക്ക് നേതൃത്വം നല്കി. ആരാധനക്കായി പ്രത്യേകം വിഷയം നല്കിയിരുന്നു. ബിസിസി

അംഗങ്ങൾ വിവിധ ഇടവകകൾ സന്ദർശിച്ച കുരിശിന്റെ വഴി നടത്തുകയും ഇടവകയിൽ നേർച്ച കഞ്ഞി നല്കുകയും ചെയ്തു. ഇടവക പ്ലാനും ബഡ്ജറ്റും പൂർത്തിയാക്കി.

**തുമ്പ:** 2019, 2020 ലേക്കുള്ള പ്ലാൻ ആൻഡ് ബഡ്ജറ്റ് പൂർത്തിയാക്കി മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തി. വിശുദ്ധ വരവുമായി ബന്ധപ്പെട്ട വ്യത്യസ്തമായി 9 വാർഡുകളിൽ 9 ദിവസം വികാരിയച്ചന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴിയും വചനപ്രഭാഷണവും നടത്തി. ഓശാന തിരുനാളിലെ പരിഹാര കുരിശിന്റെ വഴിക്കുശേഷം പാഷൻ ഓഫ് ക്രൈസ്റ്റ് എന്ന സിനിമ പ്രദർശിപ്പിച്ചു. ദുഃഖവെള്ളിയാഴ്ച ഉച്ചക്ക് 12 മണി മുതൽ 1 മണി വരെ പ്രത്യേക ഒരുക്ക ക്ലാസ് നടത്തി കുരിശിന്റെ വഴിയും നേർച്ച കഞ്ഞി വിതരണവും നടത്തി. ശനിയാഴ്ച 10.45-ന് ആരംഭിച്ച പെസഹ ജാഗരണത്തിന് ഫെറോനവികാരി ബഹുമാനപ്പെട്ട വിൽഫ്രഡ് അച്ഛൻ മുഖ്യകാർമ്മികനായിരുന്നു.

**ശാന്തിപുരം:** ജനറൽബോഡിയും ബിസിസി കുടുംബ കൂട്ടായ്മയും നടന്നു. വിവിധ ശുശ്രൂഷകളുടെ കമ്മീഷൻ മീറ്റിംഗും യഥാക്രമം നടന്നു. ബിസിസി യൂണിറ്റുകളുടെ നേതൃത്വത്തിൽ ഈസ്റ്ററിന്റെ ഒരുക്കമായി പള്ളിയും പരിസരവും എല്ലാം വൃത്തിയാക്കി. 22-ാം തീയതി തുടങ്ങുന്ന ഇടവക മധ്യസ്ഥന്റെ തിരുനാളിനെ സംബന്ധിച്ചുള്ള പ്രത്യേക മീറ്റിംഗുകൾ നടന്നു 2019-20 ലേക്കുള്ള പ്ലാൻ ആൻഡ് ബഡ്ജറ്റ് പൂർത്തി ആയി. നോമ്പാചരണ പ്രാർത്ഥനകളും ദിവ്യകാരുണ്യ ആരാധനയും പെസഹ ആചരണവും ഭക്തിപൂർവം നടന്നു. ഇടവകതല, വാർഡ്തല കുരിശിന്റെ വഴിക്ക് ഇടവക വികാരിയും സിസ്റ്റേഴ്സും ബിസിസി ലീഡേഴ്സും നേതൃത്വം നല്കി.

**സെന്റ് ആൻഡ്രൂസ് :** പ്ലാൻ ആൻഡ് ബഡ്ജറ്റ് പൂർത്തിയായി. ജനറൽബോഡിയും ബിസിസി യൂണിറ്റുകളും നടന്നു. നോമ്പുകാല





ഉപവാസത്തിലൂടെ ഇടവക അംഗങ്ങൾ നല്കിയ പണം കിടപ്പ് രോഗികളെ സഹായിക്കാൻ വിനിയോഗിച്ചു. വിശുദ്ധവാര ആഘോഷങ്ങൾ ഇടവക വികാരിയുടെ നേതൃത്വത്തിൽ വളരെ ഭക്തി സാന്ദ്രമായി അർത്ഥവത്തോടെ നടന്നു.

**പള്ളിത്തുറ:** ബിസിസി യൂണിറ്റുകൾ യഥാക്രമം നടന്നു. 16-ാം തീയതി ഇടവകയിലെ കിടപ്പ് രോഗികളെ ദേവാലയത്തിൽ എത്തിച്ചു അവർക്കു കുമ്പസാരവും രോഗീലേപനവും ദിവ്യബലിയും നല്കി. അത് കഴിഞ്ഞു അവരുടെ ഗ്രൂപ്പ് ഫോട്ടോയും ചായ സൽക്കാരവും സമ്മാനവും നല്കി അവരെ ആദരിച്ചു. ഇടവകതല നോമ്പാചരണത്തിന്റെ ഭാഗമായുള്ള യൂണിറ്റ്, വാർഡ്, ഇടവകതല പാപ പരിഹാര കുരിശിന്റെ വഴി നടത്തി. ഇടവക വികാരിയുടെ അസാന്നിധ്യത്തിൽ വിശുദ്ധവാര കർമ്മങ്ങൾക്ക് നേതൃത്വം നല്കിയത് അതിരൂപത ശുശ്രൂഷ കോർഡിനേറ്റർ ബഹു. മൈക്കിൾ തോമസ് അച്ചനാണ്. പെസഹാ വ്യാഴം ബഹു. ഫെറോന വികാരി വിൽഫ്രഡ് അച്ചൻ മുഖ്യകാർമികത്വം വഹിച്ചു. ഈസ്റ്റർ ദിനത്തിൽ അതിരൂപത സഹായമെത്രാൻ ഡോക്ടർ ക്രിസ്തുദാസ്, തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

### പേട്ട ഫൊറോന

**പോങ്ങുംമൂട് സെന്റ് മേരീസ് ദൈവാലയം:** ലത്തീൻ, സീറോ മലബാർ, മലങ്കര റീത്തുകൾ ഒന്നിച്ചു സംയുക്ത കുരിശിന്റെ വഴി നടത്തി. ഭവനമില്ലാത്തൊരാൾക്ക് വീടു വച്ചു കൊടുത്തു.

**മുട്ടട:** ഹോളിക്രോസ് ദൈവാലയം: യൂണിറ്റടിസ്ഥാനത്തിൽ ഭവനങ്ങളിൽ കുരിശിന്റെ വഴി നടത്തി. യൂണിറ്റുകളിൽ കുട്ടികൾ എത്തുന്നു. സ്വയം പ്രേരിത പ്രാർത്ഥന കുട്ടികൾ നടത്തുന്ന യൂണിറ്റുകൾ ഉണ്ട്.

**മൺവിള ലിറ്റിൽ ഫ്ളവർ ദൈവാലയം:** യൂണിറ്റു യോഗങ്ങൾ നടന്നു. എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം ദിവ്യബലിയും, കുരിശിന്റെ വഴിയും കുടുംബങ്ങളുടെ നേതൃത്വത്തിൽ നടത്തി.

വെട്ടുകാട് പള്ളി മുതൽ വ്യാകുലമാതാവിന്റെ പള്ളി വരെ കുരിശിന്റെ വഴി വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പങ്കെടുത്തു.

**പേട്ട സെന്റ് ആൻസ് ദൈവാലയം:** വിശുദ്ധവാരാചരണം ബിസിസി നേതൃത്വം നല്കി. ഇടവക ദിനത്തിന്റെ ഒരുക്കങ്ങൾ നടക്കുന്നു. മുന്നോടിയായി സ്പോർട്ട്സ് തുടങ്ങി.

**ചെറുവയ്ക്കൽ വേളാങ്കണ്ണിമാതാ ദൈവാലയം:** ബൈബിൾ കുടുംബത്തിലേയ്ക്ക് എന്ന ആശയം ആസ്പദമാക്കി ബൈബിൾ ക്വിസ് യൂണിറ്റിൽ ആരംഭിച്ച് മത്തായി സുവിശേഷം തെരഞ്ഞെടുത്ത അദ്ധ്യായങ്ങൾ പഠിക്കാൻ നിർദ്ദേശിച്ചു. ഇവരെ ലോഗോസ് ക്വിസിനായി ഒരുക്കുന്നു. യൂണിറ്റിലെ അഞ്ചുവീടുകൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് കുരിശിന്റെ വഴി നടത്തി. ഈസ്റ്റർ ഒരുക്കമായി ധ്യാന പ്രസംഗം നടത്തിയിരുന്നു. ഇടവക ദിനത്തിന്റെ അറിയിപ്പുകൾ നല്കി.

**കുമാരപുരം പത്താംപീയൂസ് ദൈവാലയം:** നോമ്പുകാലത്ത് ഓരോ യൂണിറ്റും ക്രമമനുസരിച്ച് ദൈവാലയത്തിലെത്തി കുരിശിന്റെ വഴി നടത്തി. അതിനുശേഷം അന്നദാനം നല്കി.

**വികാസ് നഗർ സെന്റ് ജോസഫ് ദൈവാലയം:** വിശുദ്ധവാരാ ചരണം ക്രമമായി നടത്തി. ചില ബിസിസി യൂണിറ്റുകൾ വസ്ത്ര വിതരണവും അന്നദാനവും നടത്തി.

### പാളയം ഫെറോന

പാളയം, വെള്ളയമ്പലം, മണക്കാട്, നെട്ടയം, പൂഴിക്കുന്ന്, തൃക്കണ്ണാപുരം, പേരൂർക്കട, മലമുകൾ, ക്രിസ്തുരാജപുരം, കുലശേഖരം എന്നീ ഇടവകകളിൽ മാത്രമേ ലീഡേഴ്സ് യോഗം നടന്നുള്ളു. യൂണിറ്റുയോഗങ്ങൾ ഏകദേശം 80% വും നടന്നു. കുലശേഖരം ഇടവകയിൽ രണ്ടു യൂണിറ്റുകൾ കൂടി രൂപപ്പെട്ടു. ഇപ്പോൾ ഫെറോനയിൽ ആകെ 153 യൂണിറ്റുകൾ ഉണ്ട്. 13 ഇടവകളിലെ പ്ലാനും ബജറ്റും നിരീക്ഷിച്ചു റിപ്പോർട്ടു നല്കി.





# അജപാലനശുശ്രൂഷ

**ആരാധന കമ്മിഷൻ**

**പാദക്ഷാളന ശുശ്രൂഷ**

**പാളയം ഫെറോന:** 17-4-19-ൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനവും ധ്യാനവും വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചു 2 മണി മുതൽ 4 മണി വരെ റവ.ഫാ.ക്രിസ്തുദാസ് ക്ലാസ് നയിച്ചു. 152 പേർ പങ്കെടുത്തു.

**അഞ്ചുതെങ്ങ്:** 17-4-19-ൽ അരയതുരുത്തി ഇടവകയിൽ വച്ച് റവ.ഫാ.ജെറോം നെറ്റോ 2 മണി മുതൽ 4 മണി വരെ ധ്യാനവും കുമ്പസാരവും നടത്തി. 100 പേർ പങ്കെടുത്തു.

**കഴക്കൂട്ടം:** കാര്യവട്ടം ഇടവകയിൽ വച്ച് ഒരുക്ക ക്ലാസ് നടത്തി.

**പേട്ട:** ശ്രീകാര്യം ഇടവകയിൽ വച്ച് 7-4-19-ൽ 2.30 മണി മുതൽ 6 മണി വരെ റവ.ഫാ.ക്രിസ്തുദാസ് ക്ലാസും ധ്യാനവും കുമ്പസാരവും ആരാധനയും നടത്തി. 120 പേർ പങ്കെടുത്തു,

**പുല്ലുവിള:** 16-4-19 കരുങ്കുളം ഇടവകയിൽ വച്ച് 2 മണി മുതൽ 5 മണി വരെ ക്ലാസ്സ്, ധ്യാനം ആരാധന കുമ്പസാരം നടത്തി 146 പേർ പങ്കെടുത്തു.

**ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം**

**അവധിക്കാല വിശ്വാസ ഉത്സവം:** അഞ്ചുതെങ്ങ് ഫെറോനയിൽ ചമ്പാവ്, മാമ്പള്ളി, വെന്നികോട്, അഞ്ചുതെങ്ങ് ഇടവകകളിൽ 8-4-19 മുതൽ 12-4-19 വരെ നടന്നു. ബാക്കി ഇടവകകളിൽ ഈസ്റ്റർ കഴിഞ്ഞു നടത്തുന്നു.

**പാളയം :** വിഎഫ്എഫ് ന്റെ ട്രെയിനിംഗ് പ്രോഗ്രാം 6-ാം തീയതി സെന്റ് ജോസഫ് സ്ക്കുളിൽ സംഘടിപ്പിച്ചു.

**പുല്ലുവിള:** ആരാധന സജീവമാക്കുന്നതിന്റെ ഭാഗമായി ഗായക

സംഘത്തിനുള്ള പരിശീലനം ക്ലാസ് 6-4-19-ൽ രാവിലെ 9 മണി മുതൽ 2 മണി വരെ ഓവി ആറിന്റെ നേതൃത്വത്തിൽ 115 ഗായകർക്ക് വിശുദ്ധവാരത്തോടനുബന്ധിച്ചുള്ള ഗാനത്തിന്റെ പരിശീലനം നല്കി. തുടർന്നും 10-4-19-ൽ പരിഹാര കുരിശിന്റെ വഴി സമാപന ദിവ്യബലിക്ക് ഗാനം ആലപിക്കുന്നതിനായി 35 പേർക്ക് പരിശീലനം നല്കി. ദിവ്യബലിക്ക് ബിസിസി, അജപാലന ശുശ്രൂഷ സംയുക്തമായി നേതൃത്വം നല്കി. 13-4-19-ൽ ഫെറോനയോഗം നടന്നു. കഴിഞ്ഞ മാസത്തെ പ്രവർത്തനം വിലയിരുത്തി പ്ലാൻ അനുസരിച്ചു ഫിയത്ത് മിഷന്റെ കീഴിൽ പപ്പിയറസ് എന്ന പേരിലുള്ള പദ്ധതിയിൽ ഫെറോനയിലെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തികൊണ്ടു പാഴ്പേപ്പറുകൾ കളക്ട് ചെയ്തു ബൈബിളായി രൂപാന്തരപ്പെടുത്തുന്നതിനായി ക്രമീകരണം നടത്തി.

**വലിയതുറ:** പാദക്ഷാളന ശുശ്രൂഷയ്ക്ക് തെരഞ്ഞെടുത്തവർക്ക് 13-4-19-ൽ വലിയതുറ വച്ച് ആരാധനയു ക്ലാസും കുമ്പസാരവും നടത്തി. കൂടാതെ അൾത്താര പാലകർക്ക് ക്ലാസ്സും, ധ്യാനവും കുമ്പസാരവും സംഘടിപ്പിക്കുകയും വലിയതുറ ഇടവകയിൽ വച്ച് ഫെറോനാതലത്തിൽ 40 മണിക്കൂർ ആരാധന സംഘടിപ്പിച്ചു.

## കോവളം ഫെറോന

അജപാലന ശുശ്രൂഷയുടെ നേതൃത്വത്തിൽ 6-4-19 ശനിയാഴ്ച ഇടവകതല 3 മണിയോടെ ഇടവകതല ശുശ്രൂഷ കൺവീനർമാരുടെ ഒരു പൊതുയോഗം കോവളം ആനിമേഷൻ സെന്ററിൽ കൂടുകയും യോഗത്തിൽ ഇടവകതലത്തിൽ ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. യോഗത്തിൽ പരുത്തിക്കുഴി, പൂന്തുറ, വിഴിഞ്ഞം, പാലപ്പൂർ, പൂങ്കുളം, നെല്ലിയോട്, കാരയ്ക്കാമണ്ഡപം എന്നീ ഇടവകയിലെ കൺവീനേഴ്സ് പങ്കെടുത്തു. വിശുദ്ധവാരാചരണത്തോടെ ഇടവകകളിൽ





സംഘടിപ്പി ക്കേണ്ട ധ്യാനങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

പൂന്തുറ ഇടവക: ഇടവകയിലെ കരിസ്മാറ്റിക് അംഗങ്ങളുടെ സഹായത്തോടെ 15, 16, 17 തീയതികളിൽ വിശുദ്ധവാരാചരണ ത്തോടെ ധ്യാനവും കുമ്പസാരവും സംഘടിപ്പിച്ചു.

## തൂത്തൂർ ഫെറോന

10-4-19 ഫെറോനാമീറ്റിംഗ് ഫെറോനാസെന്ററിൽ വച്ച് നടത്തി. ഓരോ യൂണിറ്റിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തണമെന്ന് അച്ചൻ അഭിപ്രായപ്പെട്ടു. ബൈബിൾ ക്ലാസ് ഫെറോനാതലത്തിൽ നടത്താൻ തീരുമാനിച്ചു. വിശുദ്ധവാരത്തിൽ എല്ലാ ഇടവകയിലും ധ്യാനം, കുമ്പസാരം വാർഡ് തലത്തിൽ കുരിശിന്റെ വഴി നടത്തി. ഓരോ ഇടവകയിലും സി.ആനിമേറ്റർ ഉണ്ടായിരിക്കണമെന്ന് കോഡിനേറ്റർ ആവശ്യപ്പെട്ടു. മാർത്താണ്ഡം തുറയിൽ ലോഗോസ് ക്വിസ് എല്ലാ യൂണിറ്റിലും നടന്നു അജപാലനസമിതി എല്ലാ ഇടവകയിലും കൂടി. അജപാലനസമിതിയുടെ നേതൃത്വത്തിൽ എല്ലാ ഇടവകയിലും ആരാധനക്രമത്തിന് നേതൃത്വം നല്കി. വള്ളവിളയിൽ വിഎഫ്എഫ് നടക്കുന്നു.

# കുടുംബപ്രേഷിത ശുശ്രൂഷ

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് നാലാം ബാച്ച്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന കൗൺസിലിംഗ് കോഴ്സിന്റെ നാലാമത്തെ ബാച്ചിന്റെ ഏപ്രിൽ മാസത്തെ ക്ലാസ്സുകൾ 6, 13, 20, 27 തീയതികളിൽ നടന്നു. 28 പേർ പങ്കെടുക്കുന്ന ക്ലാസ്സിൽ ഫാ. ആൻഡ്രൂസ്, ഫാ. എഡിസൻ, ഫാ. എ ആർ ജോൺ, ശ്രീ. യേശുദാസ് ഒളിവർ, ശ്രീമതി ആൻസി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇന്റേൺഷിപ്പ് നടന്നു വരുന്നു.

ഡിപ്ലോമാ കോഴ്സിന്റെ ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിക്കും അപേക്ഷകൾ ക്ഷണിക്കുന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 95 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബ പ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

സാന്ത്വനം മംഗല്യത്തിനായി ഈ മാസം 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 6 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.





**കരുണാമയൻ**

ആരു തനിച്ചല്ല എന്ന പ്രോജക്ടുവഴി 42 വ്യക്തികൾക്ക് ധനസഹായം നൽകി

**ഓഖി അനുധാവനം**

ഓഖിയിൽപെട്ടു തിരിച്ചെത്തിയിട്ടും ജോലിക്കുപോകാൻ സാധിക്കാത്ത 137 വ്യക്തികൾക്കുള്ള മൂന്നു (ഫെബ്രുവരി, മാർച്ച്, ഏപ്രിൽ) മാസത്തെ ധനസഹായം നൽകി

**ഫെറോന ആനിമേറ്റേഴ്സ് & കൺവിനേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാരുടെ ഈ മാസത്തിലെ യോഗം 25-ാം തീയതി കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടുകൂടി ആരംഭിച്ചു.

ഓരോരുത്തരും തങ്ങളുടെ ഫെറോനയിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കി. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. ബധിതരും മൂകരുമായിട്ടുള്ളവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവർക്കുവേണ്ടിയുള്ള സെമിനാർ ജൂലൈ മാസത്തിൽ നടത്തുന്നതിനു തീരുമാനിച്ചു.

തുടർന്ന് റവ. ഫാ. രജീഷ് വി രാജന്റെ പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫെറോന തല പ്രവർത്തനങ്ങൾ**

**പുതുക്കുറിച്ചി ഫെറോന**

ഫെറോനതല പ്ലാനും ബഡ്ജറ്റും പൂർത്തിയാക്കി, ഫെറോനയിലും രൂപതയിലും അവതരിപ്പിച്ചു. ഫെറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫാത്തിമപുരം ഇടവകയിൽ വച്ചു നടത്തി. ഫെറോനതല കമ്മീഷൻ മീറ്റിംഗ് 28/4/2019 ന് കൂടുവാൻ തീരുമാനിച്ചു. രൂപതാ നിർദ്ദേശമനുസരിച്ച് ഇടവകതലത്തിൽ മൂകരും ബധിതരും ആയിട്ടുള്ളവരുടെ ലിസ്റ്റ് ശേഖരിച്ചു. കുടുംബപ്രേഷിത നോമ്പുകാല ആചരണപ്രവർത്തനങ്ങളിൽപുതുക്കുറിച്ചി ഫെറോനയിലെ ഇടവകകൾ

സജീവപങ്കാളിത്തം പുലർത്തി. രോഗീസന്ദർശനം, കിടപ്പുരോഗികളെ സന്ദർശിക്കുകയും ധനസഹായം നൽകുക തുടങ്ങിയ കാരുണ്യപ്രവൃത്തികളിൽ കുടുംബപ്രേഷിതശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**പാളയം ഫെറോന**

എക്സിക്യുട്ടീവ് യോഗം ഫെറോന കോർഡിനേറ്റർ ഫാ. രജീഷ് വി രാജന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. രൂപതാ നിർദ്ദേശമനുസരിച്ച് ഇടവകതലത്തിൽ മൂകരും ബധിതരും ആയിട്ടുള്ളവരുടെ ലിസ്റ്റ് ശേഖരിച്ചുവരുന്നു. പ്ലാനും ബഡ്ജറ്റും തയ്യാറാക്കി ഫെറോനവികാരിയുമായി ചർച്ച ചെയ്തു പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഫെറോനയുടെ കീഴിലുള്ള എല്ലാ ഭവനങ്ങളിലും മാധ്യവിമുക്ത മണിക്കൂർ പ്രാവർത്തികമാക്കുവാനുള്ള ശ്രമം നടന്നുവരുന്നു.

ഫെറോന ജനറൽബോഡിയോഗം മെയ് 4 ശനിയാഴ്ച ഉച്ച തിരിഞ്ഞ് 2 മുതൽ 5 വരെ പാളയം കത്തീഡ്രൽ മദർതെരേസ ഹാളിൽ നടത്തുവാൻ തീരുമാനിച്ചു. മോൺ. നിക്കോളസ്. റ്റി, ഫാ. രജീഷ് വി. രാജൻ എന്നിവർ ക്ലാസ്സുകൾ നയിക്കും. പാളയം ഫെറോന സെന്ററിൽ കൗൺസിലിംഗ് സെന്റർ ആരംഭിക്കുവാൻ തീരുമാനിച്ചു. കരുണാമയൻ ഗുണഭോക്താക്കൾക്കുള്ള ധനസഹായം വിതരണം ചെയ്തു. പ്രതിമാസം 11000/- രൂപ മണക്കാട് ഇടവകയിൽ നിന്നും ശേഖരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിച്ചു.

**പുല്ലുവിള ഫെറോന**

അന്ധർ, ബധിരർ, മൂകർ എന്നിവരുടെ ലിസ്റ്റ് എല്ലാ ഇവകകളിൽ നിന്നും ശേഖരിച്ചു. പ്ലാനും ബഡ്ജറ്റും ഫെറോനതലത്തിലും രൂപതാതലത്തിലും ചർച്ച ചെയ്തു. പിരിഞ്ഞു നിൽക്കുന്ന ദമ്പതികളെ കണ്ട് സംസാരിക്കുകയും അവരെ അനുധാവനം ചെയ്യുകയും ചെയ്തുവരുന്നു. വി. കുർബാന, വി.കുമ്പസാരം എന്നീ കൂദാശകൾ സ്വീകരിക്കാൻ കഴിയാതെ രോഗികളായി ഭവനങ്ങളിൽകഴി





യുന്ന വ്യക്തികളെ സന്ദർശിക്കുകയും ദൈവാലയത്തിൽ എത്തിക്കുവാനും കഴിഞ്ഞു.

**പ്രോലൈഫ് സോണൽ മീറ്റിംഗ്**

പ്രോലൈഫ് സോണൽ മീറ്റിംഗ് 27/4/2018 ന് തിരുവനന്തപുരം അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്നു. തിരുവനന്തപുരം ലത്തീൻ - മലങ്കര അതിരൂപതകളിൽ നിന്നും, മാവേലിക്കര, പുനലൂർ, കൊല്ലം, നെയ്യാറ്റിൻകര, പാറശാല എന്നീ രൂപതകളിൽ നിന്നും എക്സിക്യുട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

30 പേർ പങ്കെടുത്ത യോഗത്തിൽ സോണൽ ഡയറക്ടർ സ്വാഗതവും സോഡൽ പ്രസിഡന്റ് ശ്രീ. ആന്റണി പത്രോസ് കൃതജ്ഞതയും രേഖപ്പെടുത്തി.

**വിവാഹ ഒരുക്കസെമിനാർ**

2019 ഏപ്രിൽ 8, 9, 10 തീയതികളിൽ നടന്ന കോഴ്സിൽ 67 പെൺകുട്ടികളും 56 ആൺകുട്ടികളും 2019 ഏപ്രിൽ 26, 27, 28 തീയതികൾ നടന്ന ക്ലാസ്സിൽ 65 പെൺകുട്ടികളും 67 ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**

2019 മെയ് 10, 11, 12

2019 മെയ് 27, 28, 29

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. എന്നവിവാഹ ബ്യൂറോയുടെ ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 27 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com





# യുവജന ശുശ്രൂഷ

**അഞ്ചുതെങ്ങ് ഫെറോന**

അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ അഞ്ചുതെങ്ങ് ഫെറോനയിലെ 8 ഇടവകകളിൽ 31-3-19-ൽ സന്ദർശിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. അന്നേ ദിവസം 2 മണിയ്ക്ക് സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് അതിരൂപത അസി. ഡയറക്ടർ സന്തോഷ് കുമാർ അച്ചനും ടീമും ഇടവകതല സന്ദർശന റിപ്പോർട്ട് അവതരിപ്പിച്ചു വിലയിരുത്തി. ഫെറോന ഡയറക്ടർ സ്റ്റാലിൻ അച്ചന്റെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

**ഇടവകതലം**

എല്ലാ ഇടവകയിലും സമിതി യോഗം നടന്നു. താഴംപള്ളി ഇടവകയിൽ തെയ്സെ പ്രയർ 6-4-19-ൽ നടത്തി. ആറ്റിങ്ങൽ 13-4-19-ൽ നൈറ്റ് വിജിൽ നടത്തി. വെന്നികോട് 7-4-19-ൽ ധ്യാനവും കുമ്പസാരവും നടത്തി തുടർന്നു 14 ദേവാലയങ്ങളിൽ കുരിശിന്റെ വഴി നടത്തി വെള്ളറട കുരിശുമല കയറി.

അഞ്ചുതെങ്ങ്, മാമ്പള്ളി ഇടവകകളിൽ 16-ാം തീയതി കിടപ്പുരോഗികളെ ദേവാലയത്തിൽ എത്തിച്ചു ദിവ്യബലിയും കുമ്പസാരവും നടത്തി.

**പേട്ട ഫെറോന**

ഫെറോനാതലം

യുവജനശുശ്രൂഷ പേട്ട ഫെറോനയുടെ ആഭിമുഖ്യത്തിൽ നോമ്പുകാല ഒരുക്കത്തിന്റെ ഭാഗമായി ഇടവകകൾ തോറും യുവജനങ്ങൾക്കും ഇടവക ജനങ്ങൾക്കും വേണ്ടി മാർച്ച് 17-ാം തീയതി മുതൽ നടത്തിയ യാമപ്രാർത്ഥന (വൈകുന്നേരം 7 മണി

മുതൽ 8.30 വരെ) യുടെ സമാപന ശുശ്രൂഷ ഏപ്രിൽ 14-ാം തീയതി വൈകുന്നേരം 4 മണിക്ക് മുട്ടടയിൽ വച്ച് ഫാ. ക്രിസ്തുദാസിന്റെ നേതൃത്വത്തിൽ നടത്തി.

മാർച്ച് 31-ാം തീയതി ചെറുവയ്ക്കൽ വച്ച് ഫെറോന യുവജനശുശ്രൂഷാ സമിതിയോഗം കോഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടി ഫെറോനാ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

## വലിയതുറ ഫെറോന

31-4-19 പാളയം മുതൽ വെട്ടുകാട് വരെ കുരിശിന്റെ വഴി നടത്തി.

**അവേയ്ക്ക് 2019:** ഏപ്രിൽ മാസം 28-ാം തീയതി നടത്തണമെന്ന് തീരുമാനിച്ചു.

ഫെറോനയിലെ ഇടവകകളെല്ലാം സന്ദർശിച്ച് യുവാക്കളെ ഈ യുവജനഗ്രൂപ്പിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് ലക്ഷ്യം. കൂടാതെ ഫണ്ടു ശേഖരണത്തിന്റെ ഭാഗമായി ഓരോ ഇടവകയിലും (ലക്കിടിപ്പ്) 3 കൂപ്പൺ ബുക്കുകൾ വിതരണം ചെയ്തു.

വലിയതുറ ഇടവകയിൽ മദ്യവിരുദ്ധധ്യാനവും കുമ്പസാരവും തോപ്പ്, വലിയതുറ എന്നിവിടങ്ങളിൽ വച്ചു നടത്തി.

## കോവളം ഫെറോന

**ജനറൽബോഡി യോഗം:** യുവജന ശുശ്രൂഷയുടെ നേതൃത്വത്തിൽ ഏപ്രിൽ 6-ാം തീയതി യോഗം കൂടി. യോഗത്തിൽ നടത്താൻ തീരുമാനിച്ചിരുന്ന ഫെറോനതല കുരിശിന്റെ വഴിയെക്കുറിച്ച് ചർച്ച ചെയ്തു.

**ഫെറോനതല കുരിശിന്റെ വഴി:** ഏപ്രിൽ 14-ാം തീയതി ഫെറോനതല കുരിശിന്റെ വഴി സംഘടിപ്പിച്ചു. വൈദീകരുടെയും





സന്യാസ്തരുടെയും അൽമായരുടെ സഹകരണവും പങ്കാളിത്തവും ഉണ്ടായിരുന്നു.

**മദ്യവിരുദ്ധ ധ്യാനവും ക്ലാസ്സും:** പൂന്തുറ ഇടവകയിൽ മദ്യപാനികൾക്കായി ഏപ്രിൽ 16-ാം തീയതി ഡോ.സി.ഡി.വർഗ്ഗീസിന്റെ നേതൃത്വത്തിൽ ധ്യാനവും ക്ലാസ്സും ജീസസ് യൂത്തിന്റെയും യുവജനശുശ്രൂഷയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചു.

## പുല്ലുവിള ഫെറോന

**അവേയ്ക്ക്:** 2019 പ്രോഗ്രാം അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പാളയം, പുല്ലുവിള എന്നീ ഫെറോനകളിലെ എല്ലാ ഇടവകകളിലെ യുവജനശുശ്രൂഷാ സമിതിയോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് പ്രവർത്തനങ്ങളെക്കുറിച്ചുളള ചർച്ച, അവലോകനം എന്നിവ സംഘടിപ്പിച്ചു.

**ശ്ലീവ:** പുല്ലുവിള ഫെറോനയിൽ 12-4-19-ലും പാളയം ഫെറോനയിൽ 14-4-19 ലും കുരിശിന്റെ വഴി സംഘടിപ്പിച്ചു.

പുല്ലുവിള ഫെറോനയിൽ കൊല്ലംങ്കോട് ഇടവകയിൽ നിന്നും ആരംഭിച്ച് അടിമലത്തുറ ഇടവകയിൽ അവസാനിപ്പിക്കുകയും സമാപന ദിവ്യബലിയോട് കൂടി അവസാനിപ്പിച്ചു. പാളയം ഫെറോനയിൽ ഫെറോനതലത്തിൽ നന്തൻകോട് ഇടവകയിൽ നിന്നും ആരംഭിച്ച് വെള്ളയമ്പലം ഇടവകവഴി പാളയം ഇടവകയിൽ സമാപിച്ചു.

**ഇടവകതലം:** പുല്ലുവിള ഇടവകയിൽ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 15-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് കിടപ്പ് രോഗികളെ ദേവാലയത്തിൽ എത്തിച്ച് ദിവ്യബലിയും കുമ്പസാരവും നടത്തുകയും വസ്ത്രവിതരണം നടത്തുകയും ചെയ്തു.

## തൂത്തൂർ ഫെറോന

ഫെറോനയോഗം പൂത്തുറ പള്ളിമേടയിൽ വച്ച് കോഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ നടത്തി. പ്ലാൻ & ബഡ്ജറ്റ് വ വിലയിരുത്തി. ലഹരിയ്ക്കടിമപ്പെട്ട കുട്ടികളെ യുവജന ശുശ്രൂഷ യുടെ നേതൃത്വത്തിൽ കണ്ടെത്തി അവർക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ് നടത്താൻ തീരുമാനിച്ചു. ഏപ്രിൽ 16-ാം തീയതി ഇരയിമ്മൻതുറ മുതൽ പൊഴിയൂർ വരെ യുവജന ശുശ്രൂഷയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി.

നീരോടി, തൂത്തൂർ, ഇ.പി.തുറ, മാർത്താണ്ഡംതുറ, പൂത്തുറ, വള്ളവിള എന്നീ ഇടവകകളിൽ മീറ്റിംഗ് കൂടി. തൂത്തൂർ, പൂത്തുറ, ഇ.പി.തുറ എന്നീ ഇടവകകളിൽ കിടപ്പുരോഗികൾക്കായി പ്രത്യേക ദിവ്യബലി നടത്തി.





# വിദ്യാഭ്യാസശുശ്രൂഷ

## രൂപതാതലം

**സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം**

ഏപ്രിൽമാസം 6-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് രാവിലെ 9 മണി മുതൽ 4 മണി വരെ ചാറാച്ചിറ ഗവൺമെന്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ നിന്നും വന്ന അധ്യാപകർ നയിച്ച ക്ലാസിൽ 111 വിദ്യാർത്ഥികൾ പങ്കെടുത്തു. വലിയതുറ 19 അഞ്ചുതെങ്ങ് 33 പേട്ട 12 പാളയം 6 പുല്ലുവിള 12 കോവളം 13 പുതുക്കുറിച്ചി 16 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ ഈ ക്ലാസിൽ പങ്കെടുത്തു.

**സിവിൽ സർവ്വീസ് ഗ്രൂമിംഗ് ക്ലാസ്സ്**

ഏപ്രിൽ മാസം 22-ാം തീയതി മുതൽ രണ്ടാമത്തെ ആഴ്ച ക്ലാസ് തൈക്കാട് ജ്യോതിസ് സിവിൽ സർവ്വീസ് അക്കാഡമിയുടെ നേതൃത്വത്തിൽ വച്ച് രാവിലെ 9 മണി മുതൽ 1 മണി വരെ നടക്കുന്ന ക്ലാസിൽ വലിയതുറ ഫെറോന 4 പുല്ലുവിള 6 അഞ്ചുതെങ്ങ് 3 പാളയം 1 പേട്ട 2 പുതുക്കുറിച്ചി 4 എന്നീ ക്രമത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു വരുന്നു.

**ഡിഫൻസ് ട്രെയിനിംഗ്**

തുടർ പരിശീലന പരിപാടിയായ ഡിഫൻസ് ട്രെയിനിംഗ് എൻഎപിറ്റി അക്കാഡമിയുമായി യോജിച്ച് കരസേന, നാവികസേന, വ്യോമസേന എന്നീ മേഖലകളിൽ ഉദ്യോഗ്യം കരസ്ഥമാക്കുന്ന തിനുള്ള പരിശീലന പരിപാടിയിൽ 19 പേർ പങ്കെടുത്തു വരുന്നു.

**ഫെറോനാതലം**

**ഫെറോനാസമിതിയോഗം:** പാളയം, തൂത്തൂർ, വലിയതുറ, പേട്ട,

അഞ്ചുതെങ്ങ്, കോവളം, പുതുക്കുറിച്ചി, കഴക്കൂട്ടം എന്നീ ഫെറോനകളിൽ ഫെറോനാസമിതിയോഗം വൈദീക കോർഡിനേറ്റർമാരുടെയും സമിതിയോഗങ്ങളുടെയും നേതൃത്വത്തിൽ കൂടുകയും ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും നടത്താൻ തീരുമാനങ്ങൾ എടുത്തുകയും ചെയ്തു.

**കെ.റ്റെറ്റ് പരിശീലനം**: വലിയതുറ ഫെറോന, പുല്ലുവിള ഫെറോന, പാളയം ഫെറോന, കോവളം ഫെറോന എന്നിവിടങ്ങളിൽ അധ്യാപക പരിശീലന യോഗ്യതാ സർട്ടിഫിക്കറ്റിനുള്ള പരിശീലന ക്ലാസ്സ് നടന്നുവരുന്നു. വലിയതുറ ഏപ്രിൽ 6, പുല്ലുവിള ഏപ്രിൽ 1, പാളയം ഏപ്രിൽ 1 തീയതികളിൽ നടന്നുവരുന്നു. ഫ്ളോറൻസ് അക്കാഡമിയിലെ അധ്യാപകരാണ് ഈ കാസിന് നേതൃത്വം വഹിക്കുന്നത്.

**പിഎസ്സി പരിശീലനം**: വലിയതുറ ഫെറോനകളിൽ വലിയവേളി, പുല്ലുവിള ഫെറോനയിൽ നമ്പ്യാതി എന്നിവിടങ്ങളിലും പേട്ട ഫെറോനയിൽ പോങ്ങുംമൂടും ക്ലാസുകൾ നടന്നുവരുന്നു.

**കരിയർ ഗൈഡൻസ്**: വലിയതുറ ഫെറോനയിൽ കൊച്ചുവേളി, വലിയതുറ, വലിയവേളി എന്നിവിടങ്ങളിലും പുല്ലുവിള ഫെറോനയിലെ പുതിയതുറ, പള്ളം, കരുംകുളം എന്നിവിടങ്ങളിലും കോവളം ഫെറോനയിൽ വിഴിഞ്ഞത്തും കരിയർ ഗൈഡൻസ് സെമിനാറുകൾ നടന്നു. 10, +2 വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുക അംഗീകാരമുള്ള സ്ഥാപനങ്ങൾ പരിചയപ്പെടുത്തുക തുടങ്ങിയവയ്ക്ക് ഊന്നൽ നല്കുക എന്നിവയാണ് ഈ പരിപാടിയുടെ ലക്ഷ്യം.





**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്:** പാളയം ഫെറോന, പുല്ലുവിള എന്നീ ഫെറോനകളിൽ സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്ലാസുകൾ നടന്നുവരുന്നു.

**ഇടവകതലം**

വിഴിഞ്ഞം ഇടവകയിൽ ഡിഗ്രി പഠനം കഴിഞ്ഞതും തുടരുന്നതുമായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ശേഖരിച്ചു വരുന്നു. ഇതിനായി ഫലപ്രദമായ രീതിയിൽ പ്രവർത്തനം നടത്താൻ ഈ സർവ്വേ പ്രയോജനപ്പെടും.

വാർഡ് തലത്തിൽ വിഴിഞ്ഞം ഇടവകയിൽ ഒന്നാം ക്ലാസു മുതൽ 8-ാം ക്ലാസു വരെയുള്ള വിദ്യാർത്ഥികളുടെ സപ്ലിമെന്ററി വിദ്യാഭ്യാസവും കലാവാസന വളർത്തുന്ന ഡ്രോയിംഗ് കോമ്പറ്റിഷൻ, കഥാരചന എന്നിവയുടെ പരിശീലനം നടന്നുവരുന്നു,

പരുത്തിക്കുഴി ഇടവകയിൽ 5 ദിവസത്തെ പേഴ്സണാലിറ്റി മൗണ്ടിംഗ് ക്ലാസുകൾ നൽകി.

ഏപ്രിൽ മാസം 13-ാം തീയതി പോങ്ങുംമൂട് ഹാളിൽ വച്ച് 9, +2 വരെയുള്ള കുട്ടികൾക്കായി കരിയർ ആടിറ്റ്യൂഡ് ടെസ്റ്റ് കൗൺസിലിംഗ് എം.ജി കോളേജ് ക്ലീനിക്കൽ സൈക്കോളജിസ്റ്റ് ഡോ.ജയരാജിന്റെ നേതൃത്വത്തിൽ നടത്തി. 38 കുട്ടികളും 9 മാതാപിതാക്കളും പങ്കെടുത്തു.

മാമ്പള്ളി ഇടവകയിൽ 25-4-19-ൽ മോട്ടിവേഷൻ ക്ലാസു നടത്തി. പാഴ്വസ്തുക്കൾ ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതിന്റെ ഭാഗമായാണ് ഈ ക്ലാസു നടത്തിയത്. കഴക്കൂട്ടം ഇടവകയിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് 10-12 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഒരാഴ്ചത്തെ ക്ലാസ് നടത്തി.

## സാമൂഹ്യശുശ്രൂഷ

**രൂപതാതല പ്രവർത്തനങ്ങൾ**

രൂപത ജനറൽബോഡിയോഗം 13-4-19 ശനിയാഴ്ച സെന്റ് ആന്റണീസ് ഹാളിൽ വച്ചു നടന്നു. രൂപത ഡയറക്ടർ റവ.ഫാ.ലെനിൻരാജ് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ 9 ഫെറോനകളിൽ നിന്നുമായി 69 എക്സി. അംഗങ്ങൾ പങ്കെടുത്തു. കഴിഞ്ഞ ഒരു വർഷകാലത്തെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും അടുത്ത വർഷത്തെ ഫോക്കസ് പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും ചെയ്തു.

ഓഖി ദുരന്തത്തോടനുബന്ധിച്ച് യാനങ്ങൾ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായവിതരണം

ഓഖി ദുരന്തത്തിൽപ്പെട്ട് ബോട്ടുകളും മീൻപിടുത്ത ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്കായി കേരള ബിഷപ്സ് കോൺഫറൻസ് ലഭ്യമാക്കിയ സാമ്പത്തിക സഹായ വിതരണം തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ റവ.ക്രിസ്തുദാസ് ആർ നിർവഹിച്ചു. 6-4-19-ൽ നടന്ന പരിപാടിയിൽ 6 ഫെറോനകളിൽ നിന്നുമായി തെരഞ്ഞെടുത്ത 54 പേർക്ക് ആദ്യഗഡുവുമായി 1080000/- രൂപ നല്കി.

ഓഖി ബാധിതർക്കുള്ള സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായുള്ള ധനസഹായം പൂന്തുറ, വിഴിഞ്ഞം ഇടവകകളിലുള്ള 4 പേർക്ക് 225000 രൂപ ലഭിച്ചു.

**നീതിസമാധാന വികസന കമ്മീഷൻ:** 9/9 ഫെറോനകളിലും ഫെറോന കോർഡിനേറ്റർമാരുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്ലാൻ അനുസരിച്ച് ഏപ്രിൽമാസം നടത്തേണ്ട പരിപാടികൾ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. ഫെറോന പ്രവർത്തകരുടെ





യോഗം എല്ലാ ഫെറോനകളിലും നടന്നു. ഇടവകതല എക്സിക്യൂട്ടീവ് യോഗങ്ങളും എല്ലാ ഫെറോനകളിലും നടന്നു. ഇടവകതല കൺവീനർമാരുടെ കൂടിവരവ് പുല്ലുവിള ഫെറോനയിൽ നടന്നു.

**അടിസ്ഥാന സൗകര്യവികസനം**

പാളയം -30000, കഴക്കൂട്ടം - 2 ലക്ഷം, കോവളം - 15000, വലിയതുറ - 10000 എന്നീ ക്രമത്തിൽ 16 ടോയ്‌ലറ്റുകളുടെ നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്കു ലഭിച്ചു. തൂത്തൂർ ഫെറോനയിൽ നല്കിയ ടോയ്‌ലറ്റുകളുടെ പണി പൂർത്തിയായി

**സ്വയം സഹായ സംഘങ്ങൾ**

ഫെറോന ഫെഡറേഷൻ യോഗങ്ങൾ എല്ലാ ഫെറോനകളിലും നടന്നു. യോഗങ്ങളിൽ ഉണർവ് പഠന പത്രികയിന്മേൽ അവബോധം നല്കി. ഇടവകതല യോഗങ്ങൾ എല്ലാ ഇടവകകളിലും നടന്നു. രൂപത ഫെറോനതല അറിയിപ്പുകൾ ഇടവകയോഗങ്ങളിൽ നല്കി.

**എസ്എഎഫ്പി:** പ്രവർത്തകരുടെ ഭാഗമായി ഭവനസന്ദർശനം, സ്വയം തൊഴിൽ സംരംഭം വിലയിരുത്തൽ ഇവ നടന്നു. കാരുണ്യപൂർവ്വം പദ്ധതിയുടെ ഭാഗമായി ഭവനസന്ദർശനം നടത്തി.

**തൊഴിൽകാര്യ കമ്മീഷൻ**

**കെ.എൽ.എം:** ഫെറോനയോഗങ്ങൾ 6 ഫെറോനകളിലും നടന്നു. ആറ്റിങ്ങൽ ഇടവകയിൽ പുതിയ യൂണിറ്റ് രൂപീകരിച്ചു. കഴക്കൂട്ടം ഫെറോനയിൽ കോഴിക്കുഞ്ഞു വിതരണം നടത്തി. വലിയതുറ ഫെറോനയിൽ സെന്റ് സേവ്യേഴ്സ് ചെറുവെട്ടുകാട് ഇടവകകളിൽ കെഎൽഎം ന്റെ യൂണിറ്റ് രൂപീകരിക്കാൻ തീരുമാനിച്ചു. പുല്ലുവിള ഫെറോനയിൽ 9 ഇടവകകളിൽ ലേബർ സൺഡേ ദിനാചരണം

നടത്തി.

**ആരോഗ്യകാര്യ കമ്മീഷൻ:** തൂത്തൂർ ഫെറോനയിൽ ലോകാരോഗ്യദിനാചരണം മാർത്താണ്ഡംതുറയിൽ വച്ചു നടത്തി. അഞ്ചുതെങ്ങു ഫെറോനയിൽ പ്രോജക്ടിന്റെ സഹായത്തോടെ മാമ്പള്ളി തീരപ്രദേശം ശുചീകരണം നടത്തി. എസ് എൽഎഫിലുള്ള 5 കുട്ടികളുടെ ഭവനസന്ദർശനം നടത്തി. വലിയതുറ ഫെറോനയിൽ ലോകാരോഗ്യദിനാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഫെറോനയിലുള്ള 7 കിടപ്പുരോഗികളുടെ ഭവനം പാലിയേറ്റീവ് കെയറുമായി സഹകരിച്ച് സന്ദർശനം നടത്തി. എസ്എൽഎഫ് പ്രോജക്ടിൽ ഉൾപ്പെട്ട കുട്ടികളുടെ അമ്മമാരുടെ എസ്എച്ച്ജി യോഗം നടന്നു. പുതുക്കുറിച്ചി ഫെറോനയിൽ 5 ഭവനങ്ങൾ സന്ദർശിച്ചു. കോവളം ഫെറോനയിൽ പൂന്തുറ ഏര്യ സന്ദർശിച്ച് മാലിന്യ സംസ്കാരത്തിന്റെ ആവശ്യകത മനസ്സിലാക്കി മെമ്മോറാണ്ടം തയ്യാറാക്കി. എസ്എൽഎഫ് പ്രോജക്ടിൽ ഉൾപ്പെട്ട 10 കുട്ടികളുടെ ഭവനം സന്ദർശിച്ചു. പാളയം ഫെറോനയിൽ വയോമിത്രം ക്യാമ്പ് തൈക്കാട് ഇടവകയിൽ നടത്തി. അഞ്ചുതെങ്ങ് ഫെറോനയിൽ 10 കിടപ്പുരോഗികൾക്ക് 1000/രൂപ വീതം 10000/രൂപ ധനസഹായം നല്കി.

കുട്ടികൾക്കായുള്ള പാർലമെന്റ്

വലിയതുറ - 4/4

പാളയം - 8/8

തൂത്തൂർ - 13/13

കഴക്കൂട്ടം - 2/2

അഞ്ചുതെങ്ങ് - 6/7





എന്നീ ക്രമത്തിൽ ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു. ചൈൽഡ് ലൈൻ ബോധവൽക്കരണ ക്ലാസ്സ് പുതുക്കുറിച്ചി, കഴക്കൂട്ടം ഫെറോനകളിൽ നടത്തി. കണ്ണാന്തുറ ഇടവകയിൽ ഇടവകവികാരി റവ.ഫാ.ലാസർ ബെനഡിക്ട് അവർകളുടെ നേതൃത്വത്തിൽ ചൈൽഡ് പാർലമെന്റ് രൂപീകരിച്ചു. ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ക്ലാസ്സ് നല്കി.

**പ്രവാസികാര്യ കമ്മീഷൻ**: പുല്ലുവില ഫെറോനയിൽ കൊല്ലംങ്കോട്, പരുത്തിയൂർ, പുതിയതുറ എന്നീ ഇടവകളിൽ സർവ്വേ എടുക്കൽ ആരംഭിച്ചു. കഴക്കൂട്ടം ഫെറോനയിൽ പ്രവാസി ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് മൈഗ്രേഷൻ രൂപത എക്സി.സെക്രട്ടറി ഫാ.ജോൺഡാൾ, ശ്രീമാൻ ലയോള ഇഗ്നേഷ്യസ് എന്നിവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി. അഞ്ചുതെങ്ങ് ഫെറോനയിൽ പ്രവാസികളുടെ സർവ്വേ എടുക്കൽ ആരംഭിച്ചു. വലിയതുറ ഫെറോനയിൽ കുവൈറ്റിൽ നിന്നും ബ്രെയിൻ ട്യൂമർ ആയി തിരികെ എത്തിയ ഒരു വ്യക്തിക്ക് നോർക്ക റൂട്ട്സ് വഴി ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ രൂപത കോർഡിനേറ്റർ റവ.സിസ്റ്റർ സുജയുടെ സഹായത്തോടെ നടപ്പിലാക്കി. പ്രവാസി സർവ്വേക്കായി സർക്കുലർ തയ്യാറാക്കി ഇടവകകളിൽ നല്കി.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ:** എഎ ഗ്രൂപ്പ് യോഗം അഞ്ചുതെങ്ങ്, മാമ്പള്ളി, വലിയവേളി, തൂത്തൂർ ഇടവകകളിൽ നടന്നു, കരുംകുളം, കൊല്ലംങ്കോട്, എന്നീ ഇടവകകളിൽ ലഹരി വർജ്ജിത ഗ്രാമം എന്ന ലക്ഷ്യം വച്ചുകൊണ്ട് ഗ്രാമദീപം പരിപാടി നടന്നു. പാളയം ഫെറോനയിലും തൃക്കണ്ണാപുരം ഇടവകയിലുള്ള മതബോധന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്റ്റിക്കർ ക്യാമ്പയിൽ നടത്തി.

28-4-19-ൽ വലിയതുറ ഫെറോനയിലുള്ള 10 ഇടവകയിലെയും മദ്യം പരിസ്ഥിയ്ക്കായി തിരഞ്ഞെടുത്ത എക്സി, അംഗങ്ങളെ ഉൾപ്പെടുത്തി ഫെറോനസമിതി രൂപീകരിച്ചു.

**പരിസ്ഥിതി പ്രവർത്തനങ്ങൾ:**

24, 25, 26 എന്നീ തീയതികളിലായി പ്രോജക്ടിന്റെ ഭാഗമായി വലിയതുറ, പേട്ട, പാളയം, കഴക്കൂട്ടം എന്നീ ഫെറോനകളിൽ നിന്നും തിരഞ്ഞെടുത്ത 40 വനിതകൾക്ക് അടുക്കളത്തോട്ട നിർമ്മാണ പരിശീലനം പേട്ട ഇടവകയിൽ വച്ചു നടത്തി. രൂപത കോർഡിനേറ്റർ സിസ്റ്റർ ജിൻസ പരിപാടികൾക്ക് നേതൃത്വം നല്കുകയും ഫെറോന ആനിമേറ്റർമാരുടെ സഹകരണം ഉണ്ടാകുകയും ചെയ്തു.

**മറ്റു പ്രവർത്തനങ്ങൾ:** പുല്ലുവിള ഇടവകയിൽ സാമൂഹ്യശുശ്രൂഷാ സമിതിയുടം നേതൃത്വത്തിൽ 125 നിർദ്ധനർക്ക് പുതു വസ്ത്രം വിതരണം ചെയ്തു. പരുത്തിയൂർ ഇടവകയിൽ 5 കിലോ അരിവീതം വിതരണം ചെയ്തു.

**ഫാ.ലെനിൻരാജ്**
രൂപതാ ഡയറക്ടർ

**രമ്യ ജോസ്**
ആനിമേറ്റർ





# അൽമായശുശ്രൂഷ

**ഡി.സി. എം.എസ്. സ്ക്കോളർഷിപ്പ് വിതരണം**

22.04.2019 ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് കുടുംബ ശുശ്രൂഷ ഹാളിൽ വച്ച് തിരുവനന്തപുരം അതിരൂപത ഡി.സി.എം.എസ്. പ്രസിഡന്റ് ജോർജ്ജ് എസ്. പള്ളിത്തറയുടെ അദ്ധ്യക്ഷതയിൽ ദലിത് സ്ക്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ 26 വിദ്യാർത്ഥികളും മാതാപിതാക്കളും പങ്കെടുത്തു. പ്രസ്തുത പരിപാടി തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ആർ. ക്രിസ്തുദാസ് വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് വിതരണം നൽകി ഉത്ഘാടനം നിർവ്വഹിച്ചു. അതോടൊപ്പം സംസ്ഥാനതല സ്ക്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്തു. ഈ പരിപാടിയിൽ ഡി.സി.എം.എസ് സംസ്ഥാന ഡയറക്ടർ ഫാ. ഷാജ് കുമാർ, തിരുവനന്തപുരം അതിരൂപത അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. ടോണി ഹാംലറ്റ്, അതിരൂപത ഡി.സി.എം.എസ് ഭാരവാഹികൾ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

**റവ. ഫാ. ടോണി ഹാംലറ്റ്**
അതിരൂപത അല്മായ ശുശ്രൂഷ ഡയറക്ടർ

# മത്സ്യമേഖല ശുശ്രൂഷ

**രൂപതാ വിലയിരുത്തൽ യോഗം**

4-ാം തീയതി അതിരൂപതാ ഡയറക്ടർ റവ.ഫാ.ഷാജിൻ ജോസിന്റെ നേതൃത്വത്തിൽ വിലയിരുത്തൽ യോഗം നടന്നു.

**ഫെറോനായോഗം**

22,27,28,30 എന്നീ തീയതികളിൽ അഞ്ചുതെങ്ങ് പുതുക്കുറിച്ചി, വലിയതുറ, കോവളം എന്നീ ഫെറോനകളിൽ ഫെറോനാ കോർഡിനേറ്റർ അച്ചന്മാരുടെ നേതൃത്വത്തിൽ 4/6 ഫെറോന യോഗം കൂടി. കടൽക്ഷോഭത്തെക്കുറിച്ച് ചർച്ച നടത്തുകയും കല്ലിടൽ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുന്നതിന് എല്ലാ അംഗങ്ങളും ഒറ്റക്കെട്ടായി നിൽക്കാനും തീരുമാനിച്ചു. അഞ്ചുതെങ്ങ് ഫെറോനയിൽ ഫെറോനാ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**ഇടവകതലയോഗങ്ങൾ:** തൂത്തൂർ 4/8 അഞ്ചുതെങ്ങ് 2/6 പുതുക്കുറിച്ചി 5/11 വലിയതുറ 2/8 കോവളം 1/3 എന്നീ ക്രമത്തിൽ സമിതിയോഗങ്ങൾ കൂടി. എല്ലാ യോഗങ്ങളിലും ഇടവകയിലുള്ള മത്സ്യത്തൊഴിലാളികളുടെ ഡാറ്റാ കളക്ഷൻ എടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിച്ചു.

**റ്റിഎംഎഫ്**

**രൂപതാ മീറ്റിംഗ്:** 6-ാം തീയതി രൂപതാ മീറ്റിംഗ് കൂടി. റ്റിഎംഎഫ് ട്രേഡ് യൂണിയൻ ആക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു.

**ഫെറോനാമീറ്റിംഗ്:** 27,28 എന്നീ തീയതികളിൽ വലിയതുറ, പുതുക്കുറിച്ചി എന്നീ ഫെറോനകളിൽ പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ ഫെറോനാ യോഗം കൂടി. റ്റിഎംഎഫ് ഇല്ലാത്ത ഇടവകകളിൽ റ്റിഎംഎഫ് രൂപീകരിക്കാൻ തീരുമാനിച്ചു. റ്റിഎംഎഫ് ട്രേഡ് യൂണിയൻ ആക്കുന്നതിന്റെ ഭാഗമായ് രജിസ്ട്രേഷനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായ് രൂപതാഭാരവാഹികൾ അറിയിച്ചു.

**യൂണിറ്റ് മീറ്റിംഗ്:** പുല്ലുവിള 3, തൂത്തൂർ 3, കോവളം 1, വലിയതുറ 2 പുതുക്കുറിച്ചി 2 അഞ്ചുതെങ്ങ് 2 എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾകൂടി.

**മത്സ്യക്കച്ചവട സ്ത്രീഫോറം**

**ഫെറോനായോഗം**

അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, വലിയതുറ, കോവളം, തൂത്തൂർ എന്നിങ്ങനെ 5/6 ഫെറോനാ യോഗം നടന്നു.

**യൂണിറ്റ് യോഗങ്ങൾ:** തൂത്തൂർ 4/8, പുല്ലുവിള 5/7 കോവളം 3/3 വലിയതുറ 8//8 പുതുക്കുറിച്ചി 7/8 അഞ്ചുതെങ്ങ് 14/15 എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൽ കൂടി. യോഗങ്ങളിൽ വിശുദ്ധവാരത്തെക്കുറിച്ചും ഉയർപ്പിന്റെ സന്ദേശവും അംഗങ്ങൾക്ക് നല്കി. വസ്ത്രധാരണം, പെരുമാറ്റരീതി എന്നിവയെക്കുറിച്ചും ഉണർവ്വു പഠന പത്രികയിൽ നിന്നും "അതിജീവിക്കാം ഓട്ടീസം" എന്ന വിഷയത്തെക്കുറിച്ചും ആനിമേറ്റർമാർ ക്ലാസ് നല്കി.

**വായ്പാവിതരണം:** അഞ്ചുതെങ്ങ്, ചമ്പാവ് എന്നീ ഇടവകകളിൽ 1,35,000 രൂപയും പള്ളിത്തുറ ഇടവകയിൽ 50,000 രൂപയും വിഴിഞ്ഞം പുന്നമൂട് 50,000 രൂപയും കൊല്ലംങ്കോട് 35,000 രൂപയും അംഗങ്ങൾക്ക് ലോൺ നല്കി.

**ഓഡിറ്റിംഗ്:** എല്ലാ ഫെറോനയിലും സാമൂഹ്യശുശ്രൂഷ ഓഡിനേറ്റർ സൈബിൻ സാറിന്റെ നേതൃത്വത്തിൽ കഴിഞ്ഞമാസത്തെ വരവ് ചിലവ് കണക്കുകൾ പരിശോധിക്കുകയും ഫെറോനാ ആനിമേറ്റർ അവരവരുടെ റെക്കോഡുകൾ എഴുതി തയ്യാറാക്കുകയും ചെയ്യുന്നു.

കടൽക്ഷോഭം: 24, 25 എന്നീ തീയതികളിൽ വലിയതുറ, അഞ്ചുതെങ്ങ് എന്നീ സ്ഥലങ്ങളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ വീടുകൾ പൂർണ്ണമായ് നഷ്ടപ്പെടുകയും യാനങ്ങൾക്ക്

നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ഫെറോനാസമിതി അംഗങ്ങൾ വിസിറ്റ് ചെയ്ത് വിവരങ്ങൾ ശേഖരിച്ചു.

**ഓഖി പ്രവർത്തനങ്ങൾ ഭവനനിർമ്മാണം:** ഓഖിയിൽ മരണമടഞ്ഞ വ്യക്തികളുടെ ആശ്രിതർക്ക് തൂത്തൂർ ഫെറോനയിൽ 17, കോവളം ഫെറോനയിൽ 3 വലിയതുറ 1 എന്നീ ക്രമത്തിൽ ഭവനങ്ങളുടെ പണി നടന്നുവരുന്നു.

**സ്വയം തൊഴിൽ:** സ്വയം തൊഴിൽ ചെയ്യുന്നതിന്റെ ഭാഗമായ് വലിയതുറ ഫെറോനയിൽ രണ്ട് അംഗങ്ങൾക്ക് 30,000 രൂപയും കോവളം ഫെറോനയിൽ രണ്ട് അംഗങ്ങൾക്ക് 35,000 രൂപയും രൂപതയിൽ നിന്ന് ധനസഹായം ലഭിച്ചു.

**ഏറ്റിനങ്ങൾക്ക് ധനസഹായം:** ഓഖിയിൽ മത്സ്യബന്ധന യാനങ്ങൾ നഷ്ടപ്പെട്ട ഗവൺമെന്റിൽ നിന്നും ആനുകൂല്യം ലഭിക്കാത്ത അംഗങ്ങൾക്ക് ധനസഹായം നല്കുന്നതിന്റെ ഭാഗമായ് 6-ാം തീയതി വെള്ളയമ്പലം സെന്റ് ആന്റണീസ് ഹാളിൽ വച്ച് അതിരൂപതാ അദ്ധ്യക്ഷൻ റവ.ഡോ.സൂസൈപാക്യം പിതാവിന്റെ മഹനീയ അദ്ധ്യക്ഷതയിൽ 54 അംഗങ്ങൾക്ക് ആദ്യഗഡുവായ 16,60,000 രൂപ ധനസഹായം നല്കി.

**റവ. ഫാ. ഷാജിൻ ജോസ്**

അതിരൂപത ഡയറക്ടർ